കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂതാടി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in


..

..

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി-4/825/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്,
കൽപ്പറ്റ – 673121
ഫോൺ.04936-203672
തീയതി: 11.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂതാടി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്, കൽപ്പറ്റ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി .പി4-825/2018 തിയ്യതി:11.12.2018

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.പി.എസ്.വസന്ത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.09.2018 മുതൽ 17.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.പി.ഷാജി | സീനിർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പി.ജയൻ | ഓഡിറ്റർ |
| | ശ്രീമതി.ഇന്ദു.കെ.നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രുഗ്മിണി സുബ്രഹ്മണ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജോയ് ജോൺ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 16.08.2017 വരെ |
| | ശ്രീ.സന്തോഷ് .സി | 17.08.2017 മുതൽ 28.08.2017 വരെ |
| | ശ്രീ.ബിനോയ് മത്തായി | 29.08.2017 മുതൽ 1.12.2017 വരെ |
| | ശ്രീ.ഹുസൈൻ.എം.എ | 02.12.2017 മുതൽ 1.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.മിനി.കെ.എ | 01.04.2017 മുതൽ 03.08.2017 വരെ |
| | ശ്രീ. ബിനോയ് മത്തായി | 04.08.2017 മുതൽ 11.08.2017 വരെ |
| | ശ്രീ.ഷാജു.പി.ഇ | 12.08.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.പൗലോസ്.റ്റി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ശ്രീ.സജി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഫസ്ന പാറ | 01.04.2017 മുതൽ 19.12.2017 വരെ |
| | ശ്രീമതി.റജീന | 20.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.പോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.പ്രേമ ചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മോഹനൻ | 01.04.2017 മുതൽ 06.06.2017 വരെ |
| | ഡോ. സാജു.കെ.രാജു | 07.06.2017 മുതൽ 14.11.2017 വരെ |
| | ഡോ.അരുൺ കുമാർ | 15.11.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ആലീസ് ഷേർലി | 01.04.2017 മുതൽ 06.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ.ശ്രീധരൻ.എൻ.ആർ | 07.06.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.മുഹമ്മദ് ഷുഹൈബ് | 01.04.2017 മുതൽ 26.09.2017 വരെ |
| | ശ്രീ.സുരേഷ് കെ.എസ് | 27.09.17 മുതൽ 20.10.17 വരെ |
| | ശ്രീമതി. വിനീത.സി.റ്റി | 21.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശശി കുന്നത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഷൈനിപി.ഉഉപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 13 | രസീതി ഉപയോഗം - ഗുരുതര ക്രമക്കേടുകൾ | 2-1 | |
| 14 | ഔട്ട് ഡോർ കലക്ഷൻ രസീതുളുടെ ഉപയോഗം ക്രമപ്രകാരമല്ല | 2-2 | |
| 15 | വസ്തു നികുതി - സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച് | 2-3 | |
| 16 | വസ്തുനികുതി - കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം - 1075431 രൂപ കാലഹരണപ്പെട്ടു | 2-4 | |
| 17 | നിയമപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-5 | |
| 18 | ഡി&ഒ ലൈസൻസ് നൽകൽ കാര്യക്ഷമമല്ല. | 2-6 | |
| ഭാഗം – 3 | | | |
| 19 | വക്കീൽ ഫീസിനത്തിൽ ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല | 3-1 | |
| 20 | തനത് ഫണ്ട് ചെലവുകൾ - രേഖകൾ കൃത്യമല്ല. | 3-2 | |
| 21 | അസാധുവായ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ധനസഹായം നൽകി | 3-3 | |
| 22 | മൃഗസംരക്ഷണ പ്രോജക്ടുകൾ – അപാകതകൾ | 3-4 | |
| 23 | പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ | 3-5 | |
| 24 | വോളിബോൾ അക്കാദമി രൂപീകരണം- സാംസ്കാരിക നിലയങ്ങൾ മുഖേന - അക്കാദമി രൂപീകരിച്ചില്ല | 3-6 | |
| 25 | തെരുവ് വിളക്കുകളുടെ വൈദ്യുതി കരം അടവാക്കൽ - കൃത്യമായരേഖകൾ ഇല്ല | 3-7 | |
| 26 | തെരുവ് വിളക്ക് സ്ഥാപിക്കൽ -കൃത്യമായ കണക്കില്ല | 3-8 | |
| 27 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ | 3-9 | |
| 28 | മരാമത്ത് പണികളിലെ അധികച്ചെലവ്₹ 72,501/- | 3-10 | |
| 29 | ആവശ്യത്തിൽ കൂടുതൽ വാങ്ങിയ സാധനങ്ങൾ തിരികെ വാങ്ങിയില്ല/ അതിന്റെ വില ഈടാക്കിയില്ല | 3-11 | |

| | | | |
|---|---|---|---|
| | | | |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - മെറ്റീരിയൽ വാങ്ങലുകൾ ക്രമ പ്രകാരമല്ല | 3-12 | |
| 31 | ലാപ് ടോപ്പ് വിതരണം – കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി നടപ്പാക്കി. | 3-13 | |
| 32 | അങ്കണവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്ത വാട്ടർ ടാങ്കുകൾ പലതും സ്ഥാപിച്ചില്ല. | 3-14 | |
| 33 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കിയില്ല | 3-15 | |
| 34 | മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. | 3-16 | |
| 35 | ഹോമിയോ മരുന്നുകൾ – പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-17 | |
| 36 | സർവ്വശിക്ഷാ അഭിയാൻ വിഹിതം നല്കിയത് -നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമല്ല | 3-18 | |
| 37 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ഗുണ ഭോക്താക്കളെ അംഗീകരിച്ചതിന്റെ രേഖകളില്ല | 3-19 | |
| ഭാഗം – 4 | | | |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 41 | വായ്പ/വായ്പാതിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപം | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 45 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |

| | | | |
|---|---|---|---|
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ 01/2017നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 26.02.2018 തീയതിയിലെ 02/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 09.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 | KSAWYD P2-582/2018 dated 29.06.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,19,83,751 |
| വരവ് | 12,50,67,339 |
| ആകെ | 14,70,51,090 |
| ചെലവ് | 10,47,47,261 |
| നീക്കിയിരിപ്പ് | 4,23,03,829 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 35147000 | 35147000 | 23885735 | 11261265 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 2204653 | 2204653 | 1246182 | 958471 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 21771152 | 21771152 | 16981261 | 4789891 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13161000 | 13161000 | 9272196 | 3888804 |
| മെയിന്റനൻസ് നോൺ-റോഡ്(ACRപ്രകാരം) | 0 | 5823000 | 5823000 | 3914841 | 1908159 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACRപ്രകാരം) | 0 | 20985280 | 20985280 | 4539091 | 16446189 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 756680 | 756680 | 756680 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1674482 | 14433000 | 16107482 | 10762171 | 5345311 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 403 | 145391386 | 257 | 69839628 | 0 | 146 | 63 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 431634 | 1925686 | 2357320 | 2231669 | 125651 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 61523603 | 61523603 | 61523603 | 0 |
| കയർ വസ്ത്രം | 0 | 663750 | 663750 | 663750 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29880 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 10464800 | 951 |
| വിധവാപെൻഷൻ | 17872400 | 1560 |
| വാർദ്ധക്യകാലപെൻഷൻ | 32617300 | 2831 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4392500 | 389 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ാ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 24,174/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എൽ. ഡി. സി. ആയി ജോലി ചെയ്ത ശ്രീ ഡിജീഷ് കെ എന്ന ക്ലർക്ക് രസീതികളിൽ കൃത്രിമം കാണിച്ച് പണം പിരിച്ചെടുത്തിട്ടുണ്ട്. ആയത് പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ജീവനക്കാരുടെ ലോഗിൻ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ തിരിമറികൾ നടത്തുകയും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് അന്വേഷണ വിധേയമായി ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയത് പഞ്ചായത്തിലെ ആഭ്യന്തര സംവിധാനത്തിലെ പാളിച്ചയാണ് കാണിക്കുന്നത്. ഔട്ട്ഡോർ കളക്ഷനുപയോഗിക്കുന്ന പല മാന്വൽ രസീതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വസ്തുനികുതി യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 1997-98 മുതൽ 2013-14 വരെയുള്ള കുടിശ്ശിക തുകയായ 10,75,431/- രൂപ കാലഹരണപ്പെട്ടി രിക്കുകയാണ്. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുകയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ നടത്തിയതായി മിനിട്സിൽ കാണുന്നില്ല. ലൈഫ് മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടല്ല ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.05.2018 മുതൽ 05.05.2018 വരെ | 2017-18 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2012 | 2008-09 | 13.08.12 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി ഉപയോഗം - ഗുരുതര ക്രമക്കേടുകൾ

ഗ്രാമപഞ്ചായത്തിൽ എൽ. ഡി. സി ആയി ജോലി ചെയ്ത ശ്രീ ഡിജീഷ് കെ എന്ന ക്ലർക്ക് രസീതി കളിൽ കൃത്രിമം കാണിച്ച് പിരിച്ചെടുത്ത് തുക പൂർണ്ണമായും പഞ്ചായത്തിൽ അടവാക്കാതിരിക്കുകയും ചെയ്തതിന് അന്വേഷണ വിധേയമായി ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 8.2.2018 ലെ ഉത്തരവ് നമ്പർ എ8-863/2018). പഞ്ചായത്ത് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ശ്രീ ഡിജീഷ് സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്താത്ത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുകയും, ഡിമാന്റില്ലാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കുകയും, നികുതിദായകന് നൽകുന്ന രസീതികളുടെ ഡ്യൂപ്ലിക്കേറ്റിൽ ഡിമാന്റ് തുകയും, രസീതിന്റെ ഒറിജിനലിൽ ഡിമാന്റിനേക്കളാൾ കുറവ് തുക എഴുതുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ടിയാൻ ഔട്ട്ഡോർ കളക്ഷനുപയോഗിച്ച രസീതികളിൽ 102 എണ്ണത്തിൽ മേൽ സൂചിപ്പിച്ച ഏതെങ്കിലും തരത്തിലുള്ള അപാകതകൾ വന്നിട്ടുണ്ട്. 43165/16, 43165/25 എന്നീ രസീതികളുടെ ഒറിജിനലുകൾ നികുതിദായകരുടെ കയ്യിലെ രസീതികളുമായി ഒത്തുനോക്കിയപ്പോൾ നികുതിദായകർക്ക് നൽകിയ രസീതിയിലെ തുകയും, ആയതിന്റെ ഒറിജിനലും തമ്മിൽ വലിയ വ്യത്യാസമുണ്ട്. നികുതിദായdന് നൽകിയ 43165/16-)o നമ്പർ രസീതിയുടെ ഡ്യൂപ്ലിക്കേറ്റിൽ കെട്ടിടത്തിന്റെ ഡിമാന്റ് തുകയായ 1628/-രൂപയും (കെട്ടിട നം. 12/505.ഇ) ഒറിജിനലിൽ 340/- രൂപയും, 43165/25 നമ്പർ രസീതിയിൽ ഇവ യഥാക്രമം (കെട്ടിട നം.12/477എ) 1688/-രൂപയും, 340/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒറിജിനൽ രസീതി പ്രകാരമുള്ള തുകയാണ് അടവാക്കിയിരിക്കുന്നത്. ശ്രീ ഡിജീഷ് ഈടാക്കിയ പല കെട്ടിടങ്ങളുടെയും നികുതി സഞ്ചയ പ്രകാരമുള്ള നികുതിയേക്കാൾ വളരെ കുറവാണ്.

ഇത്തരത്തിൽ സാമ്പത്തിക ഇടപാടുകളിൽ കൃത്രിമം കാണിച്ച ശ്രീ ഡിജീഷിനെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 2-2 ഔട്ട് ഡോർ കളക്ഷൻ രസീതുകളുടെ ഉപയോഗം ക്രമപ്രകാരമല്ല.

2011 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പണപ്പിരിവിന് ഉപയോഗിക്കുന്ന ഒരോ രസീതി ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. (ചട്ടം 83). ഔട്ട്ഡോർ കളക്ഷനുപയോഗിച്ച പല രസീതി ബുക്കുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഃ 43165, 43167, 43168, 43370.ഔട്ട് ഡോർ കളക്ഷൻ രസീതികൾ എഴുതുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ട താണ് (കേരള സംസ്ഥാന ഓഡിറ്റ് മാന്വൽ ഭാഗം 2, വാല്യം 4–78.1). എന്നാൽ വെറ്ററിനറി സർജൻ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് ഉപയോഗിച്ച പല രസീതികളും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് എഴുതിയിട്ടുള്ളത്. ഉദാ.43370/37-46, 43370/57-75, 43370/82-91.

അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 11/17-18/) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 വസ്തു നികുതി - സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ചതിലെ ക്രമക്കേടുകൾ

ഗ്രാമപഞ്ചായത്തിൽ എൽ. ഡി. സി. ആയി ജോലി ചെയ്ത ശ്രീ ഡിജീഷ് കെ എന്ന ജീവനക്കാരൻ മറ്റ് ജീവനക്കാരുടെ ലോഗിൻ ഉപയോഗിച്ച് കൊണ്ട് സഞ്ചയ സോഫ്റ്റ്വെയറിൽ തിരിമറികൾ നടത്തുകയും, സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

തൻവർഷം നമ്പർ നൽകിയ 16/183B-E (സവിത മുതൽ പേർ, പുളിക്കൽ, കേണിച്ചിറ), 12/483A-G (എ. കെ ഗീത, വെങ്ങപ്പറ്റ, കൊളഗപ്പാറ) എന്നീ കെട്ടിടങ്ങളുടെ പെർമിറ്റ്/കംപ്ലീഷൻ പ്ലാൻ, നമ്പറിംഗ് ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/17-18/15.9.2018) നൽകിയ മറുപടിയിൽ ടി ഫയലുകൾ മേൽ അപാകതകളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ഫയലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി - കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം - 6,38,883/- രൂപ കാലഹരണപ്പെട്ടു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഈടാക്കലുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു

1)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല.

2)വസ്തുനികുതിയിനത്തിൽ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയറും പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ് | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| തൻവർഷ ഡിമാന്റ് | 34,52,185 | 35,92,259 | -1,40,074 |
| തൻവർഷ കളക്ഷൻ | 24,69,201 | 24,61,137 | 8064 |
| തൻവർഷ ബാലൻസ് | 7,85,018 | 8,81,033 | -96,015 |
| കുടിശ്ശിക ഡിമാന്റ് | 43,57,151 | 49,83,876.693 | -6,26,725.693 |
| കുടിശ്ശിക കളക്ഷൻ | 24,66,390 | 27,88,443.36 | -3,22,053.36 |
| മുൻവർഷ ബാലൻസ് | 20,50,048 | 21,95,433.57 | -1,45,385.57 |

4) 2017-18 ൽ 49,83,876.69രൂപ വസ്തുനികുതി കുടിശ്ശികയിൽ, 2788443.36 രൂപ(55.95%) മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ടതിനെ തുടർന്ന് 14.09.2018 ന് സഞ്ചയയിൽ നിന്നും ലഭ്യമായ വർഷം തിരിച്ചുള്ള കുടിശ്ശികയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വർഷം | കുടിശ്ശിക |
|---|---|---|
| 1 | 1997-98 | 2126 |
| 2 | 1998-99 | 4253 |
| 3 | 1999-00 | 4252 |
| 4 | 2000-01 | 4467 |
| 5 | 2001-02 | 4860 |
| 6 | 2002-03 | 4860 |

| | | |
|---|---|---|
| 7 | 2003-04 | 4893 |
| 8 | 2004-05 | 72934 |
| 9 | 2005-06 | 73257 |
| 10 | 2006-07 | 73127 |
| 11 | 2007-08 | 74210 |
| 12 | 2008-09 | 77429 |
| 13 | 2009-10 | 79701 |
| 14 | 2010-11 | 79568 |
| 15 | 2011-12 | 95570 |
| 16 | 2012-13 | 86540 |
| 17 | 2013-14 | 333414 |
| | ആകെ | 1075431/- രൂപ |
| 18 | 2014-15 | 311892 |
| 19 | 2015-16 | 399445 |
| 20 | 2016-17 | 324438 |

കേരള പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരം അസ്സസ്മെന്റ് നടത്തിയതിനുശേഷം നികുതി ഒടുക്കേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിനകം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാലഹരണപ്പെടുന്നതാണ്. ഇത്തരത്തിൽ ഉണ്ടായ സാമ്പത്തിക നഷ്ടം അതാത് കാലയളവിലെ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 1997-98 മുതൽ 2013-14 വരെയുള്ള കുടിശ്ശിക 10,75,431/- രൂപയാണ്. 2014-15 ലെ കുടിശ്ശികയായ 3,11,892/- രൂപയുടെ കാലഹരണ തീയതി 31.03.2018 ആണ്. ഇതിൽ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട (ചുവടെ വിവരിച്ച പ്രകാരമുള്ള) 68,040/- രൂപ കുറച്ച് ബാക്കിയുള്ള 243,852/- രൂപ(311892-68040) പഞ്ചായത്തിന് തൻവർഷം കാലഹരണത്താൽ നഷ്ടപ്പെട്ട തുകയായി ഓഡിറ്റ് കണക്കാക്കുന്നു. കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/18-19/15.9.2018) നൽകിയ മറുപടി ചുവടെ ചേർക്കുന്നു .

മാന്വൽ ആയി കണക്കാക്കിയ വസ്തുനികുതിയാണ് സാംഖ്യ നിലവിൽ വന്ന 2011 ന് മുമ്പ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഇത്തരത്തിലുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലേക്ക് എടുക്കുമ്പോൾ തൻവർഷ അരിയറിർ പിരിവിന് ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ അരിയർ ആയി വരുന്നു. കുടിശ്ശിക തുക പരിശോധിച്ചതിൽ ശ്രീമതി സിസിലി, സേവാസമൂഹ സൊസൈറ്റി എന്നവരുടെ ഉടമസ്ഥതയിലുള്ള XIV/583B കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയവുമായി 2004-05 മുതൽ ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ പഞ്ചായത്തിന് അനുകൂലമായി വിധി വന്നെങ്കിലും ടി വിധിക്കെതിരെ കെട്ടിട ഉടമ അപ്പീൽ നൽകിയിട്ടുള്ളതിനാൽ നികുതി ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. 68,040/- രൂപ വാർഷിക വസ്തുനികുതിയുള്ള പ്രസ്തുത കെട്ടിടത്തിന് നിലവിൽ 10,20,600/- രൂപ കുടിശ്ശിക അടവാക്കാനുണ്ട്. നികുതി കുടിശ്ശികയുള്ളവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 1997-98 മുതൽ 2013-14 വരെയുള്ള കുടിശ്ശികയിൽ കോടതി വ്യവഹാരത്തിൽപ്പെട്ട കെട്ടിടത്തിന്റെ പത്ത് വർഷത്തെ തുകയായ 6,80,400/- രൂപ കുറച്ച് ബാക്കിയുള്ള 3,95,031/- രൂപയും തൻവർഷം കാലഹരണപ്പെട്ട 2,43,852/- രൂപയുമടക്കം 6,38,883/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. കാടിശ്ശിക പൂർണ്ണമായും ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-5 നിയമപ്രകാരം തൊജിൽനികുതി ഈടാക്കുന്നതിൽ വീഴ്ച

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും, തൊഴിലിലോ, ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്തിന്റെ 2017-18 വർഷങ്ങളിലെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കണം (വകുപ്പ് 205ഇ). നിലവിൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഓഫീസുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.
2. ജീവനക്കാരുടെയും, ട്രേഡേഴ്സിന്റെയും തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ (വകുപ്പ് 205ഐ) പൂർണ്ണമല്ല. സംക്ഷിപ്തം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കി ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
3. 2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടയ്ക്കാനുള്ള |
|---|---|

| | |
|---|---|
| | അർദ്ധവർഷം |
| ബ്രാഞ്ച് പോസ്റ്റ്ഓഫീസ് വാകേരി | 2016-17 അർദ്ധവർഷം – 2 ജീവനക്കാരുടെ തൊഴിൽ നികുതി |
| ബ്രാഞ്ച് പോസ്റ്റ്ഓഫീസ് മണൽ വയൽ | 2016-17 അർദ്ധവർഷം – 2 ജീവനക്കാരുടെ തൊഴിൽ നികുതി |
| ക്ഷീരോല്പാദക സഹകരണ സംഘം, വരദൂർ | 2016-17 അർദ്ധവർഷം – 2 ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന നികുതി |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | 2016-17 അർദ്ധവർഷം -1, 2 സ്ഥാപന നികുതി |
| പൂതാടി സർവീസ് സഹകരണ ബാങ്ക് | 2016-17 അർദ്ധവർഷം -1, 2 സ്ഥാപന നികുതി |

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തപാൽ നം | പേര്, സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | സി2-11492/17 തീ.27.9.17 | കെ.കെ ജയപ്രസാദ് (പോസ്റ്റ് ഓഫീസ്, പാമ്പ്ര) (ക്രമ നം. 1) | 12626X6 =75744 | 600/- | 750 | 150 |
| 2 | സി2-10666/17 തീ.30.08.17 | ശ്രീമതി.ജിൻസി എം പോൾ (ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ) (ക്രമ നം 14) | 101070 | 750 | 1000 | 250 |
| 3 | ലഭ്യമല്ല | ശ്രീമതി ലത (സ്നേഹ ഹോസ്പിറ്റൽ) | 5000X6=30000 | 180 | 300 | 120 |
| 4 | ലഭ്യമല്ല | ശ്രീമതി അതുല്യ (സ്നേഹ ഹോസ്പിറ്റൽ) | 5000X6=30000 | 180 | 300 | 120 |
| 5 | ലഭ്യമല്ല | ശ്രീമതി അഖില (സ്നേഹ ഹോസ്പിറ്റൽ) | 5000X6=30000 | 180 | 300 | 120 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ലഭ്യമല്ല | ശ്രീമതി ബബിത (സ്നേഹ ഹോസ്പിറ്റൽ) | 5000X6=30000 | 180 | 300 | 120 |
| 7 | ലഭ്യമല്ല | ശ്രീമതി നിത്യ (സ്നേഹ ഹോസ്പിറ്റൽ) | 5000X6=30000 | 180 | 300 | 120 |
| | ആകെ | | | | | 1000 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/2017-18/14.09.2018) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും, ഖണ്ഡികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥാപന രജിസ്റ്റർ തയ്യാറാക്കി നിയമപരമായി തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-6 ഡി&ഒ - ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232[1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2017–18 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2017 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 520 അപേക്ഷകളിൽ 192 എണ്ണം മാത്രമാണ് നിശ്ചിത സമയക്രമം പാലിച്ചിട്ടുള്ളത് സാമ്പത്തിക വർഷ ആരംഭം മുതൽ 2018 മാർച്ച് വരെ പുതുക്കുന്നതിന് അപേക്ഷ സ്വീകരിക്കുകയും പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ഈ സ്ഥാപനങ്ങൾ ചട്ട പ്രകാരം മതിയായ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്നാണ് വ്യക്തമാകുന്നത്.
2. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല .
3. ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല . ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 വാർഷിക കണക്ക് പ്രകാരം ആകെ

ലഭിച്ച 520 അപേക്ഷകളിൽ 405 എണ്ണം മാത്രമാണ് നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കിയതെന്നും 115 തീർപ്പാക്കാൻ ബാക്കിയുള്ളതെന്നും പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി എന്ന് വ്യക്തമല്ല.

4. സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ(ക്രമ നം 203, 204 ,206 മുതൽ 209 വരെ , 237 മുതൽ 242 വരെ ,320 മുതൽ 329 വരെ). ആയതിനാൽ രജിസ്റ്ററിൽ സൂചിപ്പിച്ച എല്ലാ അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.
5. ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയത് കൃത്യമല്ല. ഉദാ ക്രമ നം 226 – രസീതി പ്രകാരം( 1170-100285/21.04.2017 )-100 രൂപ , രേഖപ്പെടുത്തിയത് 300, ക്രമ നം 248 - രസീതി പ്രകാരം( 1170-100341/25.04.2017 )-300 രൂപ , രേഖപ്പെടുത്തിയത് 100, ക്രമ നം. 258- രസീതി പ്രകാരം( 1170-100406/28.04.2017 )-200 രൂപ , രേഖപ്പെടുത്തിയത് 300
6. വാർഷിക കണക്ക് (I-4(b) ) പ്രകാരം ഈയിനത്തിൽ 1,26,510/- രൂപ തൻവർഷം വരുമാനമുണ്ട്. തൻവർഷ ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പൂർത്തീകരിക്കുകയോ , സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (18/17-18/15.9.2018) മറുപടി നൽകിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽനിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ്, ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പൂർത്തീകരിച്ച്, സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വക്കീൽ ഫീസിനത്തിൽ ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല

ഓഡിറ്റിന്റെ ഭാഗമായി തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ വൗച്ചർ 21701219/31.03.2018 പ്രകാരം 10,000/- ലീഗൽ ചെലവുകൾ ഇനത്തിൽ നൽകിയിട്ടുണ്ട്. 16.2.2018 ലെ 17/17-18- )о നമ്പർ തീരുമാനം പ്രകാരമാണ് തുക നൽകിയത്. പന്നിഫാം പൂട്ടുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ കോടതിയലക്ഷ്യ കേസിൽ ഹാജരായ അഡ്വ. മനോജ് രാമസ്വാമിക്ക് നൽകിയ ഫീസ് തുകയാണെന്നും മുൻ സെക്രട്ടറി അടയ്ക്കാത്ത സാഹചര്യത്തിൽ തനത്ഫണ്ടിൽ നിന്നും അടവാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ തുക തിരികെ ഈടാക്കിയതിന്റെ രേഖ ലഭ്യമല്ല. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/17-18 /15.9.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 തനത് ഫണ്ട് ചെലവുകൾ-കൃത്യമായി സൂക്ഷിച്ചിട്ടില്ല.

പൂതാടി ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചെലവുകളുടെ രേഖകൾ സൂക്ഷിപ്പിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1)ഫെസ്റ്റിവൽ അലവൻസ് റിക്കവറി തുക മറ്റ് പഞ്ചായത്തുകളിലേക്ക് തിരിച്ചടച്ചത് - കൈപ്പറ്റ് വിവരങ്ങളില്ല

എ) വൗച്ചർ നം.21700150/27.5.17 - 15000/- രൂപ. ശ്രീ. ജോയ് ജോൺ, സെക്രട്ടറി 2016-17 ൽ തവിഞ്ഞാൽ പഞ്ചായത്തിൽ നിന്നെടുത്ത തുക തിരിച്ചടച്ചത്.

ബി)വൗച്ചർ നം.21700149/ 27.5.17 - 15000/- രൂപ. ശ്രീമതി കല്യാണി, ഫുൾ ടൈം സ്വീപ്പർ 2016-17 ൽ മാനന്തവാടി നഗരസഭയിൽ നിന്നെടുത്ത തുക തിരിച്ചടച്ചത്.

തിരിച്ചടവ് തുക ബന്ധപ്പെട്ട പഞ്ചായത്തിൽ/ നഗരസഭയിൽ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ഇല്ലാത്തതിനാൽ ചെലവ് തുക 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) സ്റ്റാമ്പ് അക്കൗണ്ട് തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല.

തൻ വർഷം പോസ്റ്റൽ സ്റ്റാമ്പുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1)വൗച്ചർ നം.21700245/ 22.6.17 - 5000/- രൂപ.

2) വൗച്ചർ നം.21700511/ 20.9.17 - 3000/- രൂപ.

3) വൗച്ചർ നം.21700621/ 27.10.17 - 3000/- രൂപ.

4) വൗച്ചർ നം.217001755/ 6.12.17 - 5000/- രൂപ.

5) വൗച്ചർ നം.21700863/ 16.1.18 - 5000/- രൂപ.

6) വൗച്ചർ നം.2170101911/ 7.2.18 - 5000/- രൂപ.

7) വൗച്ചർ നം.21701146/ 29.3.18 - 5000/- രൂപ.

ആകെ - 31000/- രൂപ.

എന്നാൽ മേൽപ്പറഞ്ഞ ഒരു തവണ പോലും വാങ്ങിയ സ്റ്റാമ്പുകൾ സ്റ്റാമ്പ് അക്കൗണ്ടിൽ ചേർത്ത് കാലകാലങ്ങളിലെ വിനിയോഗം കാണിച്ച് നീക്കിബാക്കി രേഖപ്പെടുത്തിയിട്ടില്ല.

(സ്റ്റാമ്പുകൾ ഉപയോഗിക്കുന്നതായി കാണുന്നുണ്ടെങ്കിലും കണക്കുകൾ ക്രമപ്പെടുത്തുന്നില്ല)

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് നല്കണം. ചെലവ് തുക 31,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 അസാധുവായ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ധനസഹായം നൽകി

I) നെൽ വിത്ത് വിതരണം

| | |
|---|---|
| പ്രോജക്ട് നം. | 163/17-18 - നെൽ വിത്ത് വിതരണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 200000/- രൂപ വികസന ഫണ്ട് ജനറൽ |
| ബിൽ നം./തിയ്യതി | കെവിപി/3/17-18/ 17.11.2017 2,00000/- രൂപ |

II) പാടശേഖര സമിതികൾക്ക് റോക്ക് സ്പ്രേയർ

| |
|---|
| പ്രോജക്ട് നം.168/17-18 - പാടശേഖര സമിതികൾക്ക് റോക്ക് സ്പ്രേയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ |
| 1)ബിൽനം.കെവിപി/5/17-18 -തിയ്യതി-11.01.2018 -92,000/-രൂപ<br>2) ഗുണഭോക്തൃ വിഹിതം-ടി.എസ്.ബി ചെക്ക് നം. 17,66,238/-രൂപ തിയ്യതി 07.02.18- 54,556/- രൂപ<br>ആകെ-1,46,556/- രൂപ |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു

എ) പ്രോജക്ട് നം.163/17-18 - നെൽ വിത്ത് വിതരണം

ഈ പദ്ധതി മുഖേന കർഷകർക്ക് നൽകുവാനായി കേരളസംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും 5010 കി.ഗ്രാം നെൽവിത്ത് (ഇൻവോയ്സ് നം. 694/2017-18 തിയ്യതി 29.06.17 തുക- 2,00,400/- രൂപ) കി.ഗ്രാമിന് 40/- രൂപ നിരക്കിൽ വാങ്ങി. ആയത് മുഴവനും കർഷകർക്ക്, നേരിട്ടും പാടശേഖര സമിതി വഴിയും കി.ഗ്രാമിന് 40/- രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ ടി.ആർ-5 രസീത് വഴി പിരിച്ചെടുത്ത 2,00,400/- രൂപ (ടി.ആർ-5 രസീത് നം. 07996/0799501 മുതൽ 0799592 വരെയും 07997/0799645 മുതൽ 0799700 വരെയുമുള്ളവ) വിവിധ തിയതികളിലായി കൃഷി ഓഫീസറുടെ പൂതാടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ 101110010000030 അക്കൗണ്ടിൽ അടവാക്കി. ഈ തുക 05/10/2017 ന് ചെക്ക് നം. 11959 തിയ്യതി 05.10.2017 പ്രകാരം മേൽ സ്ഥാപനത്തിന് നൽകി. ടി.ആർ-5 രസീത് വഴി പിരിച്ചെടുത്ത തുക ട്രഷറിയിൽ അടവാക്കിയില്ല. പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ കളക്ട് ചെയ്യുന്ന ഗു.വിഹിതം പഞ്ചായത്തിൽ നിന്ന് നൽകുന്ന രസീതിൽ സ്വീകരിക്കേണ്ടതും പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

നെൽവിത്ത് വാങ്ങിയ വകയിൽ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ മുഴവൻ തുകയും തിരിച്ച നൽകുന്നതിനായി മേൽ പരാമർശിച്ച ബിൽ പ്രകാരം 2,00000/- രൂപ മാറിയെങ്കിലും ടി.ആർ-5 രസീത് നം 07996/0799592 പ്രകാരം 64,100/- രൂപയ്ക്ക് 1602.5 കി.ഗ്രാം നെൽവിത്ത് വാങ്ങിയ താഴെമുണ്ട പാടശേഖര സമിതിക്ക് സബ്സിഡി തുക നല്കാതെ മറ്റുള്ള കർഷകർക്ക് സബ്സിഡി തുക നൽകി. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8(1)(3) പ്രകാരം നെൽ വിത്തിന് 100% സബ്സിഡി അനുവദിക്കാവുന്നതാണെങ്കിലും നെൽവിത്ത് നൽകുന്നവേളയിൽ തുക പൂർണ്ണമായും ഈടാക്കി.

മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06 /17-18/13 .09.18 ന് മറുപടിയായി ജനറൽ സെയിൽ വിഭാഗത്തിൽ വന്ന നെൽവിത്താണ് ഈ പദ്ധതിക്കായി ഉപയോഗിച്ചതെന്നും ആയതിനാലാണ് ടി.ആർ-5 രസീത് മുഖേന പിരിച്ച തുക നേരിട്ട്

കേരളസംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് നല്കുന്നതിനായി , തുക കൃഷി ഓഫീസറുടെ പൂതാടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ 10111001000030 അക്കൗണ്ടിൽ അടവാക്കുകയും അവിടെ നിന്ന് 05/10/2017 ന് ചെക്ക് നം. 11959 തിയ്യതി 05.10.2017 പ്രകാരം സ്ഥാപനത്തിന് നൽകുകയും ചെയ്തതെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ കേരള ഫിനാൻഷ്യൽ കോഡ് വോല്യം രണ്ട് ആർട്ടിക്കിൽ 7(2) പ്രകാരം ടി.ആർ-5 രസീത് മുഖേന പിരിച്ച തുക നേരിട്ട് തൊട്ടടുത്ത പ്രവർത്തി ദിവസം ട്രഷറിയിൽ അടവാക്കേണ്ടതാണ്. ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) പ്രോജക്ട് നം.168/17-18 - പാടശേഖര സമിതികൾക്ക് റോക്ക് സ്പ്രേയർ

ഈ പദ്ധതി മുഖേന 23 പാടശേഖര സമിതികൾക്ക് റെയ്ഡ്കോ മുഖേന റോക്കിംഗ് സ്പ്രേയർ വാങ്ങി നൽകി.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8(1)(7) പ്രകാരം യന്ത്രങ്ങളുടെ ഉടമസ്ഥതാവകാശം കൃഷിഓഫീസറിലും കൈവശാവകാശം പാടശേഖരസമിതിയിലും ആയിരിക്കുന്നതിനും യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുന്നതിനും സ്വകാര്യ വ്യക്തികൾ നല്കുന്നതിനേക്കാൾ കുറഞ്ഞത് 20% വാടക നിരക്കിൽ കർഷകർക്ക് നല്കുന്നതിനും പഞ്ചായത്തും കാർഷിക കർമ്മസേനയും തമ്മിൽ കരാറിലേർപ്പേടെണ്ടതുമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കരാറിലേർപ്പെട്ടതായി കാണുന്നില്ല. എന്നാൽ സമിതികളുമായി കരാറിലേർപ്പെട്ടിട്ടില്ലെന്നും ഇനി മേൽ ശ്രദ്ധിക്കുന്നതുമാണെന്നുമാണ് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുള്ളത്. യന്ത്രോപകരണങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി പഞ്ചായത്തിലെ വിവിധ കർഷക സമിതികളിലെ അംഗങ്ങൾ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ ഉൾപ്പെട്ട സമിതി രൂപീകരിക്കേണ്ടതും വരവ് ചെലവ് കണക്കുകൾ പരിശോധിക്കേണ്ടതുമാണ്. അപ്രകാരമുള്ള ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നും മിനിട്സ് ഹാജരാക്കുന്നുവെന്നും കൃഷി ഓഫീസർ അറിയിച്ചുവെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയില്ല . രേഖകൾ ഹാജരാക്കേണ്ടതാണ്

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്)നം. 80/2017 /ത.സ്വ.ഭ.വ.തീയതി 03.04.2017 ഖണ്ഡിക 20(9)പ്രകാരം ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്ത ലിസ്റ്റിന് സാധുതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ ആനുകൂല്യം നൽകിയാൽ ആയതിന്റെ ബാധ്യത ഉത്തരവാദിയായ ഉദ്യോഗസ്ഥനാണ്. മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടെയും ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് തന്ന ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകിയതെന്നാണ് കൃഷി ഓഫീസർ അറിയിച്ചത് (ഭരണ സമിതിയുടെ 9/17 നമ്പർ തിരുമാനം തിയ്യതി 26.08.17). ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധികരിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിയുടെതാണ്. ഈ പദ്ധതിക്കായി ചെലവഴിച്ച വികസനഫണ്ട് യഥാക്രമം 2,00,000/-രൂപയും 92,000/- രൂപയും 26.08.17 ലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മൃഗസംരക്ഷണ പ്രോജക്ടുകൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കി

I)

| | |
|---|---|
| പ്രോജക്ട്നം. | 167/17-18 –<br>കിടാരി വിതരണം വനിത ജനറൽ ഗ്രൂപ്പുകൾക്ക് |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 6,00,000/-രൂപ വികസന ഫണ്ട് ജനറൽ |
| മറ്റുള്ളവ | 6,00000/-രൂപ |
| ചെലവ് | ബിൽനം.06/17-18 -തിയ്യതി-15.02.2018 2,40,000/-രൂപ |

II)

| | |
|---|---|
| പ്രോജക്ട് നം. | 122/17-18<br>ആട് വിതരണം (വനിത) ജനറൽ ഗ്രൂപ്പുകൾക്ക് |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 6,00,000/- രൂപ വികസന ഫണ്ട് ജനറൽ |
| മറ്റുള്ളവ | 6,00,000/-രൂപ |
| ചെലവ് | ബിൽനം.04/17-18 -തിയ്യതി-24.03.2018 4,25,000/- രൂപ |
| ഗുണഭോക്തൃ വിഹിതം | ബിൽനം.04/17-18 -തിയ്യതി-24.03.2018 4,25,000/-രൂപ<br>ചെക്ക് നം.1766266 തിയ്യതി 02.05.18- 4,25,000/-രൂപ |
| ആകെ | 8,50,000/- രൂപ |

III)

| | |
|---|---|
| പ്രോജക്ട് നം. | 94/17-18 – കോഴി വിതരണം ഗ്രൂപ്പുകൾക്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 12,00000/-രൂപ |
| മറ്റുള്ളവ | 12,00000/- രൂപ |
| ചെലവ്<br>1)ബിൽനം.09/17-18 -തിയ്യതി-24.02.2018 –10,55,000/-രൂപ<br>2)ബിൽനം.12/17-18 -തിയ്യതി-24.03.2018 –30,000/-രൂപ<br>ഗുണഭോക്തൃവിഹിതം-1)ചെക്ക്നം.1766247 തിയ്യതി 06.03.18<br>- 683,000/-( ഈ പദ്ധതിയിലെ ചെലവ്) -6,55,000/-രൂപ | |

| |
|---|
| 2)ചെക്ക്നം.1766230 തിയ്യതി.22.12.17 |
| 4,22,000/-( ഈ പദ്ധതിയിലെ ചെലവ്) -4,00,000/-രൂപ |
| 3)ചെക്ക് നം.17,66,258 തിയ്യതി 31.03.18 -30,000/-രൂപ |
| ആകെ -21,70,000/-രൂപ |

എ) പൊതുവായ അപാകതകൾ

i) പ്രോജക്റ്റ് നം. 122/17-18 –ആട് വിതരണം (ജനറൽ വനിത)ഗ്രൂപ്പകൾക്ക്, പ്രോജക്റ്റ് നം. 94/17-18 – കോഴി വിതരണം ഗ്രൂപ്പകൾക്ക് എന്നീ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്.)80/2017 ത.സ്വ.ഭ.വ. ഖണ്ഡിക 20(9)പ്രകാരം ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതാണ്. അല്ലാതെയുള്ള ലിസ്റ്റിന് സാധുതയുണ്ടായിരിക്കുന്നതല്ല അങ്ങനെ ആനുകൂല്യം നൽകിയാൽ ആയതിന്റെ ബാധ്യത ആനുകൂല്യം നൽകിയ ഉദ്യോഗസ്ഥനാണ്. ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധികരിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിയുടെതാണ്. ഈ പദ്ധതികൾക്കായുള്ള ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചത് 26.08.17 ലെ 09/17 നമ്പർ തീരുമാനപ്രകാരമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09 /17-18/14.09.18 ന് മറുപടി ലഭ്യമാക്കിയില്ല.

ii) പദ്ധതികളുടെ നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ മൃഗസംരംക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് നടത്തിയതായി മിനിട്സ് പ്രകാരം കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09 /17-18/ 14.09.18 ന് മറുപടിയായി വർക്കിംഗ് ഗ്രൂപ്പ് യഥാസമയം ചേർന്നിട്ടുണ്ടെങ്കിലും മിനിട്സ് രേഖപ്പെടുത്തുന്നതിൽ വീഴ്ച്ച സംഭവിച്ചതാണെന്നും മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

iii) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2 (എ)പ്രകാരം ഗ്രൂപ്പകൾക്ക് ആട്, കോഴി, കിടാരി എന്നിവ വിതരണം ചെയ്യാൻ പാടുള്ളതല്ല. സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) പ്രത്യേകമായ അപാകങ്ങൾ.

പ്രോജക്റ്റ് നം. 167/17-18 – കിടാരി വിതരണം വനിത ജനറൽ ഗ്രൂപ്പകൾക്ക്എന്ന പദ്ധതി

i) 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2(3)പ്രകാരം കിടാരികളെ ഗുണഭോക്തൃസമതി മുഖേന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വാങ്ങിക്കേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കളായ ആറ് ഗ്രൂപ്പകൾ 5 കിടാരികളെ വീതം നേരിട്ട് വാങ്ങുകയും ആയതിലേയ്ക്കായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 2,40,000/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതിയിൽ അനുശാസിക്കുന്ന പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി വഴിയല്ലാതെ ഗുണഭോക്താക്കൾ നേരിട്ട് കിടാരികളെ കണ്ടെത്തി വാങ്ങിയെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നമ്പർ 09 /17-18/14.09.18) മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

ii) കിടാരികളെ വാങ്ങുന്നതിനായി ആനുകൂല്യം ലഭിച്ച ഒരു ഗ്രൂപ്പായ നവജ്യോതി കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങളായ ശ്രീമതി ദിവ്യരഘു, ശ്രീമതി സുബൈദ ആത്തുരി പറമ്പിൽ എന്നിവർ

അവരവരുടെ കുടുംബങ്ങളിൽ നിന്നും പരസ്പരം കിടാരികളെ വിൽക്കുകയും വാങ്ങുകയും ചെയ്തിട്ടുള്ളതായി കണ്ടു. കിടാരികളെ പഞ്ചായത്തിന് പുറത്ത് നിന്ന് വാങ്ങുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി നടത്തിപ്പ് സമയത്തെ ജോലിതിരക്ക് മൂലം ഇക്കാര്യം കൃത്യമായി ശ്രദ്ധിക്കാൻ സാധിച്ചില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. ഈയിനത്തിൽ ചെലവഴിച്ച 16,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഈടാക്കി അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജനിൽ നിന്ന് തുക ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

പ്രോജക്ട് നം. 122/17-18 –ആട് വിതരണം (ജനറൽ വനിത)ഗ്രൂപ്പുകൾക്ക്, പ്രോജക്ട് നം. 94/17-18 – കോഴി വിതരണം ഗ്രൂപ്പുകൾക്ക് എന്നീ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കാത്തതിനാൽ ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക യഥാക്രമം 4,25,000/- രൂപ,10,85,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് 26.08.17 ൽ (ഭരണസമിതി ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച തിയ്യതി) സെക്രട്ടറിയുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതിയിൽ വിഭാവനംചെയ്ത പ്രകാരം ഗ്രൂപ്പുകൾക്കായി ആനുകൂല്യം ലഭിച്ചവ അപ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് മൃഗസംരംക്ഷണം, ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 167/17-18 – കിടാരി വിതരണം വനിത ജനറൽ ഗ്രൂപ്പുകൾക്ക്എന്ന പദ്ധതി 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2(3)ന് വിരുദ്ധമായി നടപ്പിലാക്കിയതിനാൽ ഇതിനായി ചെലവഴിച്ച തുകയിൽ നിരാകരിച്ച തുക കഴിച്ചുള്ള 2,24,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ലൈഫ് മിഷന്റെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

എ) പൊതുവായ അപാകങ്ങൾ.

സ.ഉ(എം.എസ്) 196/17/തസ്വഭവ തിയ്യതി 11/10/17 ഖണ്ഡിക VII(എ),(ബി) എന്നിവ പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും യഥാക്രമം വാർഡ്തല കർമ്മസമിതിയും സ്ഥാപനതല കർമ്മസമിതിയും രൂപീകരിക്കേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക IV പ്രകാരം പണി പൂർത്തീകരിക്കാത്ത മുഴുവൻ ഭവനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി അവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 5 അംഗ ഉപസമിതി രൂപീകരിക്കേണ്ടതാണ്. ഈ പരിശോധന റിപ്പോർട്ടിൽ വാർഡ്തല കർമ്മസമിതി ഒപ്പുവെയ്ക്കേണ്ടതാണ്. പഞ്ചായത്തിൽ വാർഡ്തല കർമ്മസമിതിയും സ്ഥാപനതല കർമ്മസമിതിയും രൂപീകരിച്ചിട്ടുണ്ടെങ്കിലും പണി പൂർത്തീകരിക്കാത്ത മുഴുവൻ ഭവനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി അവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ 5 അംഗ ഉപസമിതി രൂപീകരിക്കുകയോ അത്തരം ഭവനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/17-18 /13.09.18 ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകർ എന്നിവരടങ്ങുന്ന സ്ഥാപനതല കർമ്മസമിതിയും വാർഡ്തല

കർമ്മസമിതിയും രൂപീകരിച്ചിട്ടുണ്ടെങ്കിലും സ്ഥാപനതല കർമ്മസമിതിയുടെ മിനിട്സ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്(ജനറൽ മിനിട്സ് ബുക്ക്). ലൈഫ് മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2017-18 ൽ നടത്തിയ യോഗങ്ങളിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകർ എന്നിവർ പങ്കെടുത്തതായി കാണുന്നില്ല. ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വീടുകളുടെ പൂർത്തീകരണ പ്രവൃത്തികൾ തുടങ്ങുന്നതിനു മുൻപുള്ള അവസ്ഥയെന്തായിരുന്നുവെന്നത് സംബന്ധിച്ച് കൃത്യമായ ധാരണ നൽകുന്ന ഒരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എസ്.ടി.വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണ പൂർത്തീകരണത്തിനായി ഓവർസിയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ പലതിലും ബന്ധപ്പെട്ട അധികാരികൾ ഒപ്പുവെയ്ക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബി) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിലെ അപാകതകൾ

I) ടി.ഇ.ഒ നടപ്പിലാക്കിയ ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (പട്ടികവർഗ്ഗം)

| |
|---|
| പ്രോജക്ട് നം. 405/17-18 – ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി( പട്ടികവർഗ്ഗം) |
| അടങ്കൽ<br>ടി.എസ്.പി-17,50,000/- രൂപ |
| 1)ബിൽനം.1/17-18/20.03.2018 – ₹ 9,84,000/-രൂപ |

പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പല ഭവനങ്ങളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആധികാരികമാക്കിയിട്ടില്ല. (ബന്ധപ്പെട്ട അധികാരികൾ ഒപ്പുവെയ്ക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല) ഉദാ. 1) രാജു പുളിഞ്ചോട്ടിൽ, 2)ബൊമ്മൻ ഏലക്കൊല്ലി, 3)സത്യൻ ഏലക്കൊല്ലി എന്നീ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ എസ്റ്റിമേറ്റിൽ അധികാരികൾ ഒപ്പു വയ്ക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ 07.03.2018 ലെ 01/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച, വാർക്ക പൂർത്തിയായ അവസ്ഥയിലുള്ള 31 വീടുകളുടെ എസ്റ്റിമേറ്റ് തുക (പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പൂർത്തീകരിക്കുന്നവ ഉൾപ്പെടെ) വളരെ കൂടുതലാണെന്നും ആയത് പുനപരിശോധിക്കണമെന്നും ടി.ഇ.ഒ pdy 54/17 തിയ്യതി 26/02/2018 കത്ത് പ്രകാരം അസി. സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശിച്ച വാർക്ക പൂർത്തിയാക്കിയ സ്ഥിതിയിലുള്ള പല വീടുകളുടെയും പണി പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ലിന്റൽ,സൺഷേഡ് തുടങ്ങിയ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതാനും ഉദാ.

1)ബൊമ്മൻ ഏലക്കൊല്ലി- എസ്റ്റിമേറ്റ്- ₹2,60,000/-രൂപ

2)സത്യൻ ഏലക്കൊല്ലി- ₹2,30,000/-രൂപ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 07 /17-18/ 13.09.18) മറുപടിയായി മേൽ പരാമർശിച്ച രണ്ട് ഗുണഭോക്താക്കളുടെ കാര്യത്തിൽ ഡാറ്റാഎൻട്രി വരുത്തിയപ്പോൾ വീടിന്റെ നിലവിലെ അവസ്ഥയെന്നത് വാർക്ക എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും യഥാർത്ഥത്തിൽ അവരുടെ വീടുകളുടെ അവസ്ഥ ലിന്റൽ വാർക്ക പൂർത്തിയായ അവസ്ഥയിലാണെന്നും ടി.ഇ.ഒ അറിയിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ലിന്റൽ

വാർക്ക പൂർത്തിയായ ആ രണ്ടു വീടുകളുടെ എസ്റ്റിമേറ്റിൽ വീണ്ടും ലിന്റൽ വാർക്കയ്ക്കുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. വാർക്ക പൂർത്തിയായ സ്ഥിതിയില്ലുള്ള മറ്റ് 29 വീടുകളുടെ എസ്റ്റിമേറ്റിൽ ലിന്റൽ,സൺഷേഡ് തുടങ്ങിയ ഇനങ്ങളും ഉൾപ്പെടുത്തിയത് സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. മേൽപ്പറഞ്ഞ ഈ പദ്ധതിക്കായി ചെലവഴിച്ച 9,84,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

II) അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ട് നം.403/17-18 – ലൈഫ് മിഷൻ -സമ്പൂർണ്ണ ഭവന പദ്ധതി(അടങ്കൽ ധനകാര്യകമ്മീഷൻ ഗ്രാന്റ്- 2,50,000/-), സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ട് നം.404/17-18 – ലൈഫ് മിഷൻ -സമ്പൂർണ്ണഭവന പദ്ധതി (ടി.എസ്. പി- അടങ്കൽ- 7,50,000/-) എന്നീ പദ്ധതികളിൽ 2017-18 ൽ തുകയൊന്നും ചെലവഴിച്ചില്ല. ലൈഫ് മിഷന്റെ 14.03.18 ലെ എൽ.എഫ് 1/600/2018 ഉത്തരവ് പ്രകാരം ലഭിച്ച തുകയായ 82,99,532/- രൂപ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് നൽകി 17.03.2018 നകം വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതിനാൽ ഈ തുക മുൻകൂറായി നൽകുകുകയും പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കാതിരിക്കുകയും ചെയ്യുതെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇത് വസ്തുതാപരമല്ല. കാരണം ലൈഫ് മിഷനിൽ നിന്ന് ലഭിച്ച തുക സെക്രട്ടറിയുടെ
57068379554-)ം നമ്പർ (എസ്.ബി.ഐ, ബത്തേരി) അക്കൗണ്ടിൽ നിന്ന് 2018-19 ൽ മാത്രമാണ് വിവിധ നിർവ്വഹണഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുള്ളത്. ആയതിനാൽ യഥാർത്ഥത്തിൽ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ക്കായി 2017-18 ൽ വകയിരുത്തിയ 10,00,000/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തുകയാണുണ്ടായത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

III)

വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ട് നം.400/17-18 – ലൈഫ് മിഷൻ -സമ്പൂർണ്ണഭവന പദ്ധതി(ജനറൽ)

| |
|---|
| പ്രോജക്ട് നം.400/17-18 – ലൈഫ് മിഷൻ – സമ്പൂർണ്ണഭവന പദ്ധതി(ജനറൽ) |
| അടങ്കൽ<br>വികസന ഫണ്ട് ജനറൽ- ₹31,45,859/-രൂപ<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്- ₹13, 25,000/-രൂപ<br>മറ്റുള്ളവ- ₹35,54,165/-രൂപ<br>ആകെ ₹80,25,024/-രൂപ |
| ചെലവ്<br>1) ബിൽനം.11/17-18 -തിയ്യതി-09.02.2018 – 8,40,000/-<br>2 ) ബിൽനം.12/17-18 -തിയ്യതി-15.02.2018 – 2,00000/-<br>3)ബിൽനം.13/17-18 -തിയ്യതി-15.03.2018 – 6,55,859/-<br>ഇ.എം.എസ് ലോൺ അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾ (അക്കൗണ്ട് നം. 101100010010429 പൂതാടി സർവ്വീസ് സഹകരണബാങ്ക്) |

| |
|---|
| 1) ചെക്ക്നം. 140328 തിയ്യതി 19.02.18-12,20,000/-<br>2) ചെക്ക്നം. 140329 തിയ്യതി 19.02.18-1,60,000/-<br>3) ചെക്ക്നം. 140330 തിയ്യതി 20.03.18-5,45,808/-<br>ആകെ- ₹36,21,667/- |

1) മേൽ പദ്ധതിക്കായി 2017-18 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് 13,25,000/-രൂപയും മറ്റുള്ളവ 35,54,165/-രൂപയും വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. പദ്ധതിക്കായി പൊതു വിഭാഗം ഫണ്ടായി വകയിരുത്തിയ 31,45,859/- രൂപയിൽ 16,95,859/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/17-18/13.09.18 ന് മറുപടിയായി പൊതുവിഭാഗം ഫണ്ടിൽ നിന്നും വകയിരുത്തിയതിൽ ചെലവഴിക്കാൻ ബാക്കിയുള്ള 14,50,000/- രൂപയുടെ ബില്ല് 31.03.2018 ന് ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും 2018-19 ലാണ് മാറിയതെന്നാണ് അറിയിച്ചത്. എന്നാൽ 2017-18 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ 13,25,000/- രൂപയും മറ്റുള്ളവ എന്നയിനത്തിൽ(ഇ.എം.എസ്,എം.എൻ ലക്ഷം വീട് എന്നീ പദ്ധതികളുടെ അക്കൗണ്ടിലുള്ള ബാക്കിയുള്ള തുക) വകയിരുത്തിയ 35,54,165/-രൂപയിൽ 19,25,808/- രൂപയും മാത്രമാണ് ചെലവഴിച്ചത്.

2) സ.ഉ(എം.എസ്) 196/17/തസ്വഭവ തിയ്യതി 11/10/17 ഖണ്ഡിക IV(1) പ്രകാരം സ്ഥാപനതല കർമ്മസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലെ അവസാനഗഡു നൽകാൻ പാടുള്ളുവെങ്കിലും അപ്രകാരമല്ല തുക നൽകിയിട്ടുള്ളത്. ഏതാനും ഉദാ. രാജൻ,പൂമ്പാറയിൽ അഴിക്കോടൻ നഗർവാളവയൽ, സുമതി കുഞ്ഞുമോൻ തട്ടാരകുഴി, മൂടക്കൊല്ലി തുടങ്ങിയവർ. ലൈഫ്മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 36,21,667/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

പഞ്ചായത്തിലെ ലൈഫ് മിഷന്റെ 'പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം' പദ്ധതിയുടെ 31/03/2018 ലെ വിശദാംശം ഇപ്രകാരമാണ്.

| | | | | |
|---|---|---|---|---|
| ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ | ജനറൽ-76 | എസ്.ടി-56 | എസ്.സി-9 | ആകെ-141 |
| കരാർ വെച്ചവർ | ജനറൽ-52 | എസ്.ടി-19 | എസ്.സി-7 | 78 |
| പൂർത്തീകരിച്ചവർ | ജനറൽ-14 | എസ്.ടി-0 | എസ്.സി- | 14(10%) |

പഞ്ചായത്തിലെ ലൈഫ് മിഷന്റെ 'പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം'പദ്ധതിയിൽ ഉൾപ്പെട്ട 10% ഭവനങ്ങളുടെ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി ഫലപ്രദമായി പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വിടുകളുടെ പൂർത്തീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പുള്ള അവസ്ഥ വ്യക്തമാക്കുന്ന രേഖകളും മേപ്പറഞ്ഞ മറ്റ് അപാകതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 വോളിബോൾ അക്കാദമി രൂപീകരണം -സാംസ്കാരിക നിലയങ്ങൾ

<u>മുഖേന - അക്കാദമി രൂപീകരിച്ചില്ല</u>

l)

| |
|---|
| പ്രോജക്ട് നം. 41/17-18 – വോളിബോൾ അക്കാദമി രൂപീകരണം – സാംസ്കാരിക നിലയങ്ങൾ മുഖേന |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ |
| അടങ്കൽ 4,00,000/- രൂപ<br>വികസന ഫണ്ട് ജനറൽ- 3,78,590/- രൂപ<br>തനത് ഫണ്ട് -21,410/- രൂപ |
| <u>ചെലവ്</u><br>1)ബിൽനം.9/17-18 -തിയ്യതി-06.01.2018 – 3,78,590/-രൂപ<br>2) തനത് ഫണ്ട്-ചെക്ക് നം.1766228 തിയ്യതി 29.11.17- 21410<br>ആകെ- ₹4,00000/-രൂപ |

ഗ്രാമപഞ്ചായത്തിലെ മികച്ച കായിക ശേഷിയുള്ള കുട്ടികളെ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടു കൂടി കണ്ടെത്തി ഗ്രാമസഭാ അംഗീകാരം വാങ്ങി അക്കാദമിയിൽ ഉൾപ്പെടുത്തുകയും വോളിബോൾ പരിശീലനം നൽകുകയും ചെയ്യുക എന്നതായിരുന്നു 2016-17 ലെ 250/17പദ്ധതിയിൽ വിഭാവനം ചെയ്തത്. 2017-18 വർഷത്തിൽ പദ്ധതി പൂർത്തിയാക്കുന്നതിനായി കോർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017 ലെ 4.28-)o നം. തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണസമിതിയുടെ 11/(2)17 തീരുമാന പ്രകാരം യുവ പ്രതിഭ കേണിച്ചിറ, അരുണ അതിരാറ്റുകുന്ന്, ഉദയ ആർട്സ് & സ്പോർട്സ് ക്ലബ് പാപ്ലശ്ശേരി, വോളിക്ലബ് ഇരുളം എന്നീ ക്ലബുകളുടെ ലിസ്റ്റ് അംഗീകരിച്ചു. പദ്ധതി നടത്തിപ്പിനായി മേൽപരാമർശിച്ച ബില്ലുകൾ പ്രകാരം മാറിയ തുകയിൽ ഒരു ലക്ഷം രൂപ വീതം ഓരോ ക്ലബിനും നൽകി.

പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കളായ കുട്ടികളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുകയോ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുകയോ പഞ്ചായത്തിൽ വോളിബോൾ അക്കാദമി രൂപീകരിച്ച് തുടർ പ്രവർത്തനം നടത്തിവരുകയോ ചെയ്തിട്ടില്ല. മികച്ച കായികശേഷിയുള്ള കുട്ടികളെ ജില്ലാ സ്പോർട് കൗൺസിലിന്റെ സഹായത്തോടുകൂടിയാണ് കണ്ടെത്തിയതെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08 /17-18/13.09.18 - നുള്ള മറുപടിയിൽ പരിശീലനം ലഭിച്ച പല കുട്ടികൾക്കും ജില്ല, സംസ്ഥാനതല ടീമുകളിലിൽ പ്രവേശനം നേടാൻ സാധിച്ചിട്ടുണ്ടെന്നും ക്ലബ്ബുകൾ സ്വന്തം നിലയിലാണ് നിലവിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച വരുന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കളായ കുട്ടികളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുകയോ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുകയോ പഞ്ചായത്തിൽ

വോളിബോൾ അക്കാദമി രൂപീകരിച്ച് തുടർ പ്രവർത്തനം നടത്തിവരുകയോ ചെയ്യാത്തതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച തുക 4,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 തെരുവ് വിളക്കുകളുടെ വൈദ്യുതി കരം അടവാക്കൽ - കൃത്യമായ രേഖകൾ ഇല്ല

കെ.എസ്.ഇ.ബി, മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷൻ എൻജിനീയറുടെ 26.06.2015 ലെ ഡിബി/ഇഡിഎം/ 2015-16/325 കത്ത് പ്രകാരം തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി നിലവിൽ ഉപയോഗിച്ച വരുന്നവയുടെ ഇനവും എണ്ണവും കണക്കാക്കി ഷെഡ്യൂൾ തയ്യാറാക്കി പുതിയ കരാർ വെച്ച് പഞ്ചായത്തിന് ലഭിക്കാനുള്ള ഇളവ് നേടിയെടുക്കുവാൻ സഹകരിക്കണമെന്ന് കെ.എസ്.ഇ.ബി പഞ്ചായത്തിന് കത്ത് നൽകി. തുടർന്ന് പഞ്ചായത്ത് കെ.എസ്.ഇ.ബി-ക്ക് പല പ്രാവശ്യം കത്ത് നൽകിയതായും ഫയലിൽ കാണുന്നുവെങ്കിലും പ്രവർത്തനക്ഷമമായവയുടെ കണക്കെടുക്കുന്നതിനായി നാളിതുവരെയായി കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണമോ തരമോ കാണിക്കാത്ത ബില്ലുകളാണ് കെ.എസ്.ഇ.ബി മാസാമാസം സമർപ്പിക്കുന്നത്. കൂടാതെ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ കൃത്യമായ കണക്കില്ലാതെയാണ് ഓരോ മാസവും തെരുവ് വിളക്കുകളുടെ വൈദ്യുതി കരം അടച്ച വരുന്നത്. ഗ്രാമപഞ്ചായത്ത് 2017-18 വർഷം മൂന്ന് കൺസ്യൂമർ നമ്പറുകളിലായി താഴെപ്പറയുന്ന പേയ്മെന്റ് വൗച്ചറുകൾ പ്രകാരം തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി കരം അടവാക്കിയിട്ടുണ്ട്.

| ക്രമ നം | മാസം | കൺസ്യൂമർ നം. 13/ തുക | കൺസ്യൂമർ നം. 10153/ തുക | കൺസ്യൂമർ നം. 10645/ തുക | പേയ്മെന്റ് വൗച്ചർ നം | തുക |
|---|---|---|---|---|---|---|
| 1 | 3/17 | 4128 | 9392 | 5850 | 21700082/05 /04/17- | 19,370/- |
| 2 | 4/17 | 4128 | 9392 | 5850 | 21700082/04 /05/17- | 19,370/- |
| 3 | 5/17 | 4510 | 13097 | 5847 | 21700224-22/06/17- | 23454/- |
| 4 | 6/17 | 4510 | 13154 | - | 21700318-12/07/17- | 17664/- |
| 5 | 07/17 | 4510 | 13106 | 5845 | 21700412-10/08/17- | 23461/- |
| 6 | 07/17 | - | - | 5847 | 21700428-24/08/17- | 5847/- |
| 7 | 08/17 | 4510 | 13097 | 5847 | 21700494-15/09/17- | 23454/- |
| 8 | 09/17 | 4510 | 13097 | 5847 | 21700562-11/10 /17-23454/- | 23454/- |
| 9 | 10/17 | 4510 | 13093 | - | 21700663-18/11/17- | 17603/- |

| | | | | | | |
|---|---|---|---|---|---|---|
| 10 | 10/17+ 04/17 മുതൽ 09/17 വരെയുള്ള താരിഫ് വർദ്ധനവ് മൂലമുള്ള കുടിശ്ശിക | - | - | 58063 | 21700662-18/11/17- | 58063/- |
| 11 | 11/17 | 4510 | 13097 | 16333 | 21700785-15/12/17- | 33940/- |
| 12 | 12/17 | 4510 | 13097 | 12863 | 21700870-16/01/18- | 30470/- |
| 13 | 01/18 | 4519 | 13123 | - | 21701023-07/02/18- | 17642/- |
| 14 | 01/18 | - | - | 12889 | 21701040-22/02/18- | 12889/- |
| 15 | 02/18 | 4510 | 13097 | 12868 | 2170119-08/03/18- | 30475/- |

ആകെ -3,57,156/-

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16 /17-18/15.09.18 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെ.എസ്.ഇ.ബി-യുമായി ചേർന്ന് എത്രയും പെട്ടെന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കണക്കെടുത്ത് പഞ്ചായത്തിന് വൈദ്യുതി കരം അടവിനത്തിൽ ലഭിക്കേണ്ട ഇളവ് നേടിയെടുത്ത് ഓഡിറ്റിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 3,57,156/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 തെരുവ് വിളക്ക് സ്ഥാപിക്കൽ -കൃത്യമായ കണക്കില്ല

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 224/17-18 – എസ്.ടി കോളനികൾക്ക് സ്ട്രീറ്റ് ലൈറ്റ് |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 4,50,000/- ടി.എസ്.പി. |
| ബിൽനം./തീയതി | 08/17-18/31.10.2017 4,50,000/-രൂപ |

പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ എസ്.ടി. കോളനികളിൽ 170 ഇടങ്ങളിൽ 'ക്രൂസ്സ് ' എന്ന സ്ഥാപനം വഴി 12 വാട്ട് എൽ.ഇ.ഡി തെരുവ് വിളക്ക്(ഓട്ടോമാറ്റിക്) സ്ഥാപിക്കുന്നതിന് 4,50,000/- രൂപ ചെലഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

I പദ്ധതി ആസൂത്രണം സംബന്ധിച്ച്

ഈ പദ്ധതിയുടെ രൂപീകരണം നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ചുള്ള വൈദ്യുതി

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നമ്പർ 16/17-18 /15.09.18)മറുപടിയിലും ഇവയെക്കുറിച്ച് പരാമർശമില്ല.

II. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1)പഞ്ചായത്ത് നിലവിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുകയോ ഈ പദ്ധതിയിൽ സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തത് ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിനുശേഷമാണ് തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായുള്ള ക്ലസ്സിന്റെ സാക്ഷ്യപത്രം (05.09.2018 തിയ്യതിയിലേത്) ഓഡിറ്റിന് ഹാജരാക്കുന്നത്.

2) സർക്കുലർ നം.65529/ഡി.സി.3/2012/തസ്വഭവ തിയ്യതി 12.03.13 ഉത്തരവ് പ്രകാരം മീറ്ററിംഗ് സംവിധാന ത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി യുടെ സാങ്കേതിക സഹായത്തോടുകൂടി സ്ഥാപിക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവ മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകളല്ല. മാത്രവുമല്ല അവ കെ.എസ്.ഇ.ബി. യുടെ സാങ്കേതിക സഹായത്തോടുകൂടിയുമല്ല സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

പഞ്ചായത്ത് വാർഡ് തല തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ഈ പദ്ധതിയിൽ വാങ്ങിയവ സ്റ്റോക്കിലെടുക്കുകയോ ചെയ്യാത്തതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച തുക 4,50,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ

സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭവ തിയ്യതി 13.11.2014 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ വിവിധ പ്രവൃത്തികളിലും ഇവയുടെ രേഖകളുടെ സൂക്ഷിപ്പിൽ കണ്ട അപാകതകളും ചുവടെ കൊടുക്കുന്നു.

- കൺവീനറുടെയും ചെയർമാന്റെയും പേരിൽ ആരംഭിച്ചിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ കൂടിയല്ല പണമിടപാടുകൾ നടത്തിയിട്ടുള്ളത്. കൺവീനറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.
- വാങ്ങുന്ന സാധനങ്ങൾ, തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- സാധന സാമഗ്രികൾ വാങ്ങിയതിന്റെ വാറ്റ് ബില്ലുകൾ ഫയലിൽ വെച്ചിട്ടില്ല.
  സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-10 മരാമത്ത് പണികളിലെ അധിക ചെലവ് 72,501/- രൂപ

സർക്കാർ ഉത്തരവ് (അ).30/2016/ധനം തിയ്യതി 29.02.2016 പ്രകാരം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണെന്നും എന്നാൽ ഇത്തരത്തിലുള്ള പ്രവൃത്തികളുടെ നികുതി ഉൾപ്പടെയുള്ള ചെലവുകൾ സമിതി വഹിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഓവർഹെഡ് ചാർജ്ജ് അടക്കമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ നികുതി കൂട്ടി നൽകിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | ബിൽ നം/തുക | പ്രവൃത്തി മൂല്യം (O H സഹിതം) | നികുതി കൂട്ടി അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | നെല്ലിക്കര താഴെ ലക്ഷം വീട് കോളനി നടപ്പാത കോൺക്രീറ്റ് | 13/17-18 /15.7.17<br>4,67,233/- | 4,43,259 | 4,67,233 | 23,974 |
| 2 | നെയ്ക്കുപ്പ അങ്കണവാടി റിപ്പയർ | 23/17-18/ 29.07.17<br>1,18,691/- | 1,11,972 | 1,18,691 | 6,719 |
| 3 | ചെമ്പകപ്പറ്റ അങ്കണവാടി റിപ്പയർ | 25/17-18/ 30.10.17<br>2,95,133/- | 2,73,271 | 2,95,133 | 21,862 |
| 4 | കക്കടം സ്കൂൾ അറ്റകുറ്റപ്പണി | 11/17-18/ 15.7.17<br>3,52,386/- | 3,32,440 | 3,52,386 | 19,946 ** |
| | ആകെ | | | | 72,501 |

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മറ്റ് പ്രവൃത്തികളിലെ അപാകതകൾ താഴെപ്പറയുന്നു.

1. ചെഞ്ചടി കുറിച്യ കോളനി റോഡ് സോളിംഗ് പ്രവൃത്തിയിൽ 2.6.1 എന്ന ഇനത്തിന് അധിക നിരക്ക് നൽകിയതിനാൽ 1,204/- രൂപ അധികം നൽകിയിട്ടുണ്ട്. മേൽ ഇനത്തിന്റെ നിരക്ക് ക്യൂ.മീറ്ററിന് 188.11 രൂപ എന്നതിന് പകരം ക്യൂ.മീറ്ററിന് 202.25 എന്ന നിരക്ക് കണക്കാക്കി 85.16ക്യൂ.മീറ്റർ പ്രവൃത്തി ചെയ്തതിനാണ് അധികം നൽകിയത്. പ്രവൃത്തിയിലെ വിവിധ ഇനങ്ങളുടെ നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റ ഓഡിറ്റിന് നൽകിയിട്ടില്ല.
2. കക്കടം സ്കൂൾ അറ്റകുറ്റപ്പണി പ്രവൃത്തിയിൽ വാറ്റ് ഈടാക്കി അടവ് വരുത്തിയതിൽ 5,000/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. എം.ബുക്കിൽ (നം.25/16-17പേജ്-29) പ്രവൃത്തി മൂല്യത്തോടൊപ്പം വാറ്റ് 16,622/- രൂപ കൂട്ടുകയും കുറവ് വരുത്തിയപ്പോൾ 11,622/- രൂപ മാത്രം കണക്കാക്കിയതിനാൽ 5000/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.
3. മണൽവയൽ കോളനി റോഡ് സോളിംഗ് എന്ന പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയ ഡാറ്റ നൽകിയിട്ടില്ല. മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.14/17-18/14.09.2018 ന് നൽകിയ മറുപടിയിൽ തുക കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ട എസ്റ്റിമേറ്റുകളിൽ നികുതി കൂട്ടി കൺവീനർക്ക് അധികം

നൽകിയ 72,501/- രൂപയും വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം 5,000/- രൂപയും (പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയ) ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 ആവശ്യത്തിൽ കൂടുതൽ വാങ്ങിയ സാധനങ്ങൾ തിരികെ വാങ്ങിയില്ല/ അതിന്റെ വില ഈടാക്കിയില്ല.

ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് സോളിംഗ് പ്രവൃത്തികൾക്ക് മെറ്റൽ (63-45mm, 11.2mm) എന്നിവ യഥാർത്ഥത്തിൽ ഉപയോഗിച്ചതിനേക്കാൾ കൂടുതൽ അളവ് വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

മെറ്റൽ വില (DSR പ്രകാരം)

*63-45mm- @1630/$m^3$

*12 mm - @1778/$m^3$

| ക്രമ. നം. | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റലിന്റെ അളവ് ($m^3$) | | എം.ബുക്ക് പ്രകാരമുള്ള മെറ്റലിന്റെ അളവ് ($m^3$) | | അധികം നൽകിയ മെറ്റലിന്റെ അളവ് ($m^3$) | | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| | | 63-45 | 11.2 | 63-45 | 11.2 | 63-45 | 11.2 | |
| 1 | ചങ്ങലമൂല കോളനി റോഡ് സോളിംഗ് | 85.16 | 17.83 | 75.81 | 15.96 | 9.35 | 1.87 | 9.35x1630+1.87x1778<br>=15240.5+3324.86= 18,565 |
| 2 | നെയ്ക്കുപ്പ മണൽവയൽ കോളനി റോഡ് സോളിംഗ് | 75 | 16 | 70.76 | 15.30 | 4.24 | 0.7 | 4.24x1630+.7x1778<br>=6911.2+1244.6 = 8,156 |
| 3 | മണൽവയൽ കോളനി റോഡ് സോളിംഗ് | 178 | 38 | 172.75 | 37.35 | 5.25 | .65 | 5.25x1630+0.65x1778<br>=8557.5+1155.7 =9713 |
| ആകെ | | | | | | | | 36,434 |

പ്രവൃത്തിയുടെ ആവശ്യകതയിലും അധികമായി വാങ്ങിയതും ഗുണഭോക്തൃ കമ്മിറ്റിയുടെ ചെലവുകളിൽ ഉൾപ്പെട്ടതും എന്നാൽ പ്രവൃത്തിയിൽ ഉപയോഗിക്കാതിരുന്നതുമായ മേൽ പ്രകാരമുള്ള സാധനങ്ങൾ തിരികെ ഈടാക്കുകയോ /സാധനങ്ങളുടെ വില ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി.നം.14/17-18 /14.09.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിൽ ആവശ്യത്തിലധികം വന്ന മെറ്റലിന്റെ വില 36,434/- രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ ബിൽ മാറി കൺവീനർക്ക് നൽകിയ അസി.എഞ്ചിനീയറാണ് നഷ്ടത്തിന് ഉത്തരവാദി.

## 3-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - മെറ്റീരിയൽ വാങ്ങലുകൾ ക്രമ പ്രകാരമല്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായതും ഉൽപ്പാദനക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിന് സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. റോഡ്/നടപ്പാത കോൺക്രീറ്റ്, സോളിംഗ് പ്രവൃത്തികൾക്കായി മെറ്റൽ (40mm,20mm,10mm), മണൽ, സിമന്റ്, ആർ.സി.സി. പൈപ്പുകൾ എന്നിവ വാങ്ങുന്നതിനാണ് ടെണ്ടർ നടപടി സ്വീകരിച്ചത്. തൻവർഷം പദ്ധതികൾ നടപ്പാക്കിയിട്ടില്ല. മേൽ സാധന സാമഗ്രികൾ വാങ്ങിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

വിവിധ വാർഡുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനാണ് 26.02.2018 നാണ് ടെണ്ടർ പരസ്യം നൽകിയത്. 5 പ്രവർത്തികൾക്ക് ആവശ്യമായ ഓരോ സാധനങ്ങളുടെ നിരക്കുകൾ ക്വോട്ട് ചെയ്യുന്നതിന് പകരം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്ന രീതിയിൽ മൊത്തം സാധനങ്ങളുടെ വില (സെക്വയർ സോഫ്റ്റ് വെയർ പ്രകാരം) കണക്കാക്കി ഈ നിരക്കിൻമേലാണ് കരാറുകാർ തങ്ങളുടെ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിക്ക് ആവശ്യമുള്ള ആകെ സാധനങ്ങളുടെ നിരക്ക് കണക്കാക്കി ഇതിന്മേൽ കരാറുകാർ കൂടുതൽ/കുറവ് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ ചെയ്യുന്നത് വഴി ഓരോ സാധനത്തിനും പ്രത്യേകം നിരക്ക് രേഖപ്പെടുത്താൻ കഴിയാതെ വരുന്നു. ഇത് ശരിയായ നടപടിക്രമമല്ല. ഉപയോഗിക്കുന്ന സാധനങ്ങളുടെ ഓരോ ഇനത്തിനും പ്രത്യേകം നിരക്ക് രേഖപ്പെടുത്തുന്ന തരത്തിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/17-18 /14.09.2018)ക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാരിന് യാതൊരു തരത്തിലുമുള്ള നഷ്ടവും ഉണ്ടായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ തുടർ നടത്തിപ്പിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-13 ലാപ് ടോപ്പ് വിതരണം - കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

I) എ)

| |
|---|
| പ്രോജക്ട് നം. 222/17-18 – പ്രൊഫഷണൽ കോളേജ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പട്ടികജാതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി |
| അടങ്കൽ - 2,00000/- വികസന ഫണ്ട് ജനറൽ |

| |
|---|
| 1)ബിൽനം.16/17-18 -തിയ്യതി-28.02.2018 – ₹1,80,000/- |

ബി)

| |
|---|
| പ്രോജക്ട് നം. 225/17-18 – പ്രൊഫഷണൽ കോളേജ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പട്ടികവർഗ്ഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി |
| അടങ്കൽ – 3,20,000/- ടി.എസ്.പി |
| 1)ബിൽനം.15/17-18 -തിയ്യതി-28.02.2018 – ₹ 3,00000/- |

മേൽ പദ്ധതികളിലായി പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. 2016-17 ൽ ടെണ്ടർ നടപടി ക്രമങ്ങളിലെ കാലതാമസ്സം മൂലം നടപ്പാക്കാതിരുന്ന (പ്രോജക്ട് നം. 179/17),(പ്രോജക്ട് നം. 239/17) എന്നീ പദ്ധതികൾ, കഴിഞ്ഞ വർഷത്തെ ലിസ്റ്റിൽ നിന്നും ബിരുദ/ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകാവുന്നതാണെന്നും അതിനുശേഷം 2017-18 വർഷത്തെ ലിസ്റ്റ് പരിഗണിച്ചാൽ മതിയെന്ന വ്യവസ്ഥയോടുകൂടി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.02.18 ലെ 4.33 തീരുമാന പ്രകാരം സ്പിൽ ഓവറായി നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ 2016-17 ലെ 9 ഗുണഭോക്താക്കളിൽ (പൂതാടി ഗ്രാമപഞ്ചായത്തിന്റെ www.lsgkerala/ poothadipanchayat എന്ന വെബ്സൈറ്റിൽ മേൽ പദ്ധതികൾക്കായി പ്രസിദ്ധീകരിച്ച) നിഖിൽ പി.വി. എന്നവർക്കുമാത്രമാണ് (നാലാം വാർഡ്) ആനുകൂല്യം ലഭിച്ചത്.

മേൽ പദ്ധതികൾക്കായി 2016-17 വർഷം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ അതിൽ ഉണ്ടായിരുന്ന അഞ്ജു(എസ്.ടി), നിഖിൽ, അഭിലാഷ് എന്നിവരെയും (എസ്.സി വിഭാഗം) ശേഷിക്കുന്നവരെ 2017-18 വർഷത്തെ ലിസ്റ്റിൽ നിന്നും മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കാമെന്നാണ് ഭരണസമിതി 26.08.2017 ലെ 20/20/2017 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി/നടപ്പിലാക്കിയതെന്നാണ് അസി.സെക്രട്ടറി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 05/17-18 ന് മറുപടി ലഭ്യമാക്കിയത്. 2016-17 വർഷം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ 9 പേർ ഉണ്ടായിരിക്കെ അതിൽ രണ്ട് പേരെ മാത്രം പരിഗണിച്ചിട്ടുള്ളു എന്നതിനാൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് 2017-18 ലെ ലിസ്റ്റിൽപ്പെട്ട 15 പേർക്ക് ആനുകൂല്യം നൽകിയതെന്ന മറുപടി (അഞ്ജു എന്ന വിദ്യാർത്ഥിക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചതിനാൽ പിന്നീട് ഒഴിവാക്കി- ഇവർ 2016-17 ലെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല.) ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 2017-18 ലെ ലിസ്റ്റിൽപ്പെട്ട 15 പേർക്ക് ലാപ്ടോപ്പ്, നൽകിയത് വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതിക്ക് തുടർ അനുമതി നൽകിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.02.18 ലെ 4.33 തീരുമാനത്തിന് വിരുദ്ധമാണ്. ആയതിനാൽ പദ്ധതികൾക്കായി ചെലവഴിച്ച തുക 4,80,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-14 അങ്കണവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്ത വാട്ടർ ടാങ്കുകൾ പലതും സ്ഥാപിച്ചില്ല

| |
|---|
| പ്രോജക്റ്റ് നം. 301/17-18 – അങ്കണവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കും വാട്ടർ ടാങ്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി |
| അടങ്കൽ - 1,50,000/- രൂപ വികസന ഫണ്ട് ജനറൽ |
| ചെലവ്<br>ബിൽനം.13/17-18 -തിയ്യതി-11.01.2018 –1,49,400/- |

ഗ്രാമപഞ്ചായത്തിന് കീഴിലെ അംഗൻവാടികളിലെയും ഘടക സ്ഥാപനങ്ങളിലെയും കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

1. കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവ നടത്തിയതായി മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല.
2. പഞ്ചായത്ത് ജീവനക്കാരൊത്ത് 14.09.2018 ന് ഏതാനും സ്ഥാപനങ്ങളിൽ നടത്തിയ സ്ഥല പരിശോധനയിൽ പഞ്ചായത്ത് ഓഫീസിന് താഴെ മൂന്ന് വാട്ടർ ടാങ്കുകൾ ഉപയോഗപ്പെടുത്താതെയിരിക്കുന്നതായും നെല്ലിക്കര,പുളിയാപ്പറ്റ (ഈ അങ്കണവാടിക്ക് നിലവിൽ ശുദ്ധജല കണക്ഷൻ പോലുമില്ല) എന്നീ അങ്കണവാടികളിൽ വിതരണം ചെയ്തവ ഉപയോഗപ്പെടുത്താതെ വച്ചിരിക്കുന്നതായും കണ്ടു. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 15 /17-18/15.09.18) ന് വാട്ടർടാങ്ക് വാങ്ങുന്നതിനുമാത്രമാണ് പദ്ധതിയിൽ തുക വകയിരുത്തിയതെന്നും ടാങ്ക് ഫിറ്റ് ചെയ്യുന്നതിന് തുക വകയിരുത്താത്തതുകൊണ്ടാണ് അവ ഫിറ്റ് ചെയ്യാത്തതുമെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. അങ്കണവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കും വാട്ടർ ടാങ്ക് നൽകി കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുക എന്നതായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ മുഴുവൻ തുകയും വകയിരുത്താത്തതിനാൽ 29/11/2017 ൽ വാങ്ങിയ 30 വാട്ടർ ടാങ്കുകളിൽ പലതും നാളിതുവരെ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.

ജി.ഒ(എം.എസ്) 72/2017/ തസ്വഭവ തിയ്യതി 29.03.17(2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ) ഖണ്ഡിക 5.7 (2) പ്രകാരം പദ്ധതിയുടെ പ്രായോഗികത, യുക്തി, കാര്യക്ഷമത, നിയമസാധ്യത, വിജയസാധ്യത എന്നിവ പരിശോധിക്കാതെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാലാണ് ഇത്തരത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോകുന്നതിന് കാരണമാകുന്നത്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതായും മിനുട്സ് പരിശോധിച്ചതിൽ കാണുന്നില്ല. ആയതിനാൽ പദ്ധതി രൂപീകരണം തൊട്ടുള്ള എല്ലാ ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. പദ്ധതിയിൽ വാങ്ങിയ എല്ലാ വാട്ടർ ടാങ്കുകളും ഉപയോഗക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച 1,49,400/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കിയില്ല.

1)

| | | |
|---|---|---|
| പ്രോജക്റ്റ് നം. | 11/17-18 മാലിന്യസംസ്കരണം സ്ഥലമെടുപ്പ് |
| അടങ്കൽ | 11,83089/- വികസന ഫണ്ട് ജനറൽ |
| | 42,34,600/- ധനകാര്യകമ്മീഷൻ ഗ്രാന്റ്- |
| ആകെ | 54,17,689/-രൂപ |

2)

| | |
|---|---|
| പ്രോജക്റ്റ് നം. | 27/17-18 അറവുശാല സ്ഥലമെടുപ്പ് |
| അടങ്കൽ | 4,50,000/- തനത് ഫണ്ട് |

3)

| | |
|---|---|
| പ്രോജക്റ്റ് നം. | 29/17-18 –ശ്മശാനം സ്ഥലമെടുപ്പ് |
| അടങ്കൽ | 5,00,000/- തനത് ഫണ്ട് |

4)

| | |
|---|---|
| പ്രോജക്റ്റ് നം. | 396/17-18 ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് വകയിരുത്തൽ |
| അടങ്കൽ | 10,00,000/- തനത് ഫണ്ട് |

മാലിന്യ സംസ്കരണം സ്ഥലമെടുപ്പ് പദ്ധതിക്ക് സ്ഥലം ലഭ്യമാകാത്തതിനാലാണ് തുക ചെലവഴിക്കാതിരുന്നതെന്നും മാലിന്യസംസ്കരണം സ്ഥലമെടുപ്പ് പദ്ധതിക്ക് 2018-19 ൽ തുക വകയിരുത്തിയിട്ടുണ്ടെന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റന്വേഷണ കുറിപ്പ് നം. 15/17-18/15.09.18 -ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. മാലിന്യസംസ്കരണം വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമായതിനാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഹരിതഗിരി, ഓടച്ചോല കോളനികളിൽ മൃതദേഹം മറവ് ചെയ്യുന്നതിന് സ്ഥലമില്ലാത്തതിനാൽ ആയതിന് പദ്ധതി നടപ്പിലാക്കണമെന്ന് പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പിന്റെ 29/01/18 ലെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 ൽ നടപ്പാക്കാതിരുന്ന ശ്മശാനം സ്ഥലമെടുപ്പ് അറവുശാല സ്ഥലമെടുപ്പ് എന്നീ പദ്ധതികൾക്ക് 2018-19 ൽ തുക വകയിരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2017-18 ൽ നടപ്പാക്കാതിരുന്ന ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് 2018-19 ൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-16 മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ മരുന്ന് വാങ്ങാനായി പണം ഔഷധിക്ക് നല്കിയിട്ടുണ്ടെങ്കിലും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ നം. പേര് | ട്രഷറി ബിൽ നം. തുക | വിതരണം ചെയ്ത മരുന്നുകളുടെ തുക | വിതരണം ചെയ്യാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|
| 1 | 112/18- വാർദ്ധക്യ ജന്യ രോഗങ്ങൾക്കു ള്ള ആയുർവ്വേദ ചികിത്സ പദ്ധതി (ടി. എസ്.പി.) | 01/17-18/10.1.18 ₹3,00,000 രൂപ | 252829 | ₹47171 |
| 2 | 117/18- വാർദ്ധക്യ ജന്യ രോഗങ്ങൾക്കു ള്ള ആയുർവ്വേദ ചികിത്സ പദ്ധതി (ജനറൽ) | 02/17-18/10.1.18 ₹6,37,030/- രൂപ | 562672 | ₹74358 |
| 3 | 18/18- ജനനീ സുരക്ഷ (ജനറൽ) | 03/17-18/10.1.18 ₹2,90,000 രൂപ | 274376 | ₹15624 |
| 4 | 119/18- ജനനീ സുരക്ഷ (ടി.എസ്.പി.) | 04/17-18/ 10.1.18 ₹1,40,000/- രൂപ | 139415 | ₹585 |
| 5 | 120/18- ശാരീരിക മാനസിക വെല്ലുവിളി കൾ നേരിടുന്നവർക്കുള്ള ചികിത്സ പദ്ധതി | 05/17-18/ 10.1.18 ₹1,85,000/- രൂപ | 165575 | ₹19425 |
| 6 | 120/18- കുമാരീ സുരക്ഷ | 05/17-18/ 10.1.18 ₹1,45,000/- രൂപ | 130459 | ₹14541 |
| | ആകെ | ₹16,97,030 | 15,25,326 | ₹1,71,704 |

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17-18/7.9.18) മെഡിക്കൽ ഓഫീസർ 15.9.18 ന് നല്കിയ മറുപടിയിൽ മരുന്ന് വിതരണത്തിലെ കാലതാമസം ഉടനടി പരിഹരിക്കുമെന്ന്' അറിയിച്ചിട്ടുണ്ട്. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 1,71,704/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ മുഴുവൻ ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്

## 3-17 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി 'ഹോംകോ'ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ. നം | പ്രോജക്ടിന്റെ നം., പേര് | ട്രഷറി ബിൽ നം. ചെലവ് തുക. | വിതരണം ചെയ്ത മരുന്നുക ളുടെ തുക | വിതരണം ചെയ്യാൻ അവശേ ഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|
| 1 | 127/18വയോജനങ്ങൾക്ക് ഹോമിയോ ചികിൽ സക്ക് മരുന്ന് വാങ്ങൽ (ജനറൽ) | 01/17-18 23.12.17 ₹1,00,000/- | - | ₹1,00,000 |
| 2 | 129/18വയോജനങ്ങൾക്ക് ഹോമിയോ ചികിൽ സക്ക് മരുന്ന് വാങ്ങൽ(ടി.എസ്. പി.) | 02/17-18 23.12.17 ₹2,00,000/- | - | ₹2,00,000 |
| 3 | 130/18 ഭിന്നശേഷിയുള്ളവ ർക്ക് ഹോമിയോ ചികിൽസക്ക് മരുന്ന് വാങ്ങൽ | 03/17-18 23.12.17 ₹2,00,000/- | ₹194500 | ₹5500 |
| | ആകെ | ₹5,00,000/- | ₹1,94,500 | ₹3,05,500 |

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/17-18/7.9.18) മെഡിക്കൽ ഓഫീസർ 15.9.18 ന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ ക്രമ നം. 1,2, എന്നിവയിൽ പരാമർശിക്കുന്ന മരുന്നുകൾ 12.9.18 ന് ലഭിച്ചുവെന്നും ക്രമ നം. 3 ൽ പരാമർശിക്കുന്ന ബാക്കി മരുന്നുകൾ 'ഹോംകോ' അയച്ചതായി അറിയിച്ചിട്ടുണ്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ലഭിച്ച മരുന്നുകൾ സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കണം. 3,05,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 സർവ്വശിക്ഷാ അഭിയാൻ വിഹിതം നല്കിയത് -നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമല്ല

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതമായി താഴെപ്പറയും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.

പ്രോജക്ട് നം.136/18 എസ്.എസ്.എ. വിഹിതം

ട്രഷറിബിൽ നം. 02/17-18/ 9.8.17 - 12,00,000/- രൂപ.

മേൽ പ്രകാരം തുക നൽയിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് നടത്തിയതിന്റെ

വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട് സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഓഫീസർ നല്കിയ ലിസ്റ്റിൽ (ഫോറം IV) പലയിനങ്ങളുടെയും പ്രവൃത്തി/പദ്ധതി എന്താണെന്ന് വ്യക്തമാകുന്നില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണം. പുസ്തക വിതരണം, സ്കൂൾ ഗ്രാന്റ്, റിപ്പയർ, യാത്രാ സൗകര്യം, കമ്പ്യൂട്ടർ എയ്ഡഡ് പഠനം, തുടങ്ങി വിവധങ്ങളായ ഭൗതിക ഇനങ്ങൾ പത്രികയിൽ പരാമർശിക്കുന്നുണ്ടെങ്കിലും അവ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കി എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനും പി.ഇ.സി.യും, വർക്കിംഗ് ഗ്രൂപ്പും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം.04/17-18/11.9.18 പ്രകാരം അപാകതകൾ ചൂണ്ടിക്കാണിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 15.9.18 ന് നല്കിയ മറുപടിയിൽ ' വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും, വിഹിതം നല്കിയ പ്രവർത്തനങ്ങളുടെ നിർവ്വഹണം പി.ഇ.സി. പരിശോധിക്കുന്നതാണെന്നും' അറിയിച്ചിട്ടുണ്ട്. ചെലവ് തുക 12,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. തുടർ മറുപടി പ്രതീക്ഷിക്കുന്നു.

## 3-19 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ രേഖകളില്ല.

പ്രോജക്ട് നം.126/18 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്
അടങ്കൽ -5 ലക്ഷം രൂപ (പദ്ധതി വിഹിതം പൊതുവിഭാഗം)

ട്രഷറിബിൽ നം. 04/17-18/ 28.2.18 - 1,98,000/- രൂപ.

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയിൽ പുൽപ്പള്ളി 'കൃപാലയ' എന്ന സ്ഥാപനത്തിലുള്ള പഞ്ചായത്തിലെ 22 ഭിന്നശേഷിയുള്ള വർക്കായി സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ തുക വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ ഇവരെ പഞ്ചായത്ത് ഗുണഭോക്താക്കളായി അംഗീകരിച്ചതിന്റെ തീരുമാനം ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറി നം.04/17-18/11.9.18 പ്രകാരം അപാകതകൾ ചൂണ്ടിക്കാണിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ 15.9.18 ന് നല്കിയ മറുപടിയിൽ 'കൃപാലയ' എന്ന സ്ഥാപനത്തിൽ നിന്നും അപേക്ഷകൾ വളരെ വൈകിയാണ് ലഭിച്ചതെന്നും ഭരണ സമിതിയുടെ അറിവോടുകൂടി പരിഗണിക്കുകയും, തുക വളരെ പെട്ടെന്ന് നല്കുകയും ചെയ്തു' എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഗുണഭോക്താക്കളെ അംഗീകരിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,98,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 155000 | 79/17 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(ജനറൽ) | 155000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1445000 | ,, | 1445000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 238750 | 95/17 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (ടി.എസ്.പി) | 238750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 361250 | ,, | 361250 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 990000 | 91/17-പാലിന് സബ്സിഡി(ജനറൽ) | 990000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2000000 | ,, | 2000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | 93/17-പാലിന് സബ്സിഡി (ടി.എസ്.പി) | 0 | 400000 |

എന്നാൽ വാർഷിക കണക്കിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച വകയിൽ 1,20,000/- രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കൽപ്പറ്റ | കൂടൽക്കടവ് അങ്കണവാടി നിർമ്മാണം | ബിൽ നം. 17180852043 | 400000 | 400000 | 0 |
| പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കൽപ്പറ്റ | കൂടൽക്കടവ് അങ്കണവാടി നിർമ്മാണം | ചെക്ക് നം.1766254 തീ.31.03.2018 | 180000 | 180000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ. എം. എസ് ഭവന പദ്ധതി | സ. ഉ നം. 428/2010/ 6.2.2010 | 39957000 | 1132116 | - | - | 1132116 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 17500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 17500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 17500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 568/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 568 | ശ്രീ പ്ലാസിഡ് സി | 117020103756/ 21.11.2017 |

| | | | | |
|---|---|---|---|---|
| | | | സീനിയർ ക്ലർക്ക് | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.3 | 2016-17 | 2.3 | തൊഴിൽനികുതി റിട്ടേൺ സംബന്ധിച്ച് | മറുപടി തയ്യാറാക്കി വരുന്നു. |
| 2013-14 | 3-1 | 2015-16 | 8.22 | ബസ്സ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ചത് സംബന്ധിച്ച് | ബസ്സ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് പ്രവർത്തനക്ഷമമാക്കുന്നതിലേയ്ക്കായി ബസ്സ് ഷെൽട്ടറിന്റെ നിർമ്മാണം നടന്നു വരുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| |
|---|
| --ഇല്ല-- |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക സ്ഥാനം, പേര്, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| --ഇല്ല-- | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പടെ) | : | 147051090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 104747261 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,43,852 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19,36,935 |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | : | 86,02,427 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 2,43,852/- | | ശ്രീ.ഹുസൈൻ.എം.എ,സെക്രട്ടറി |
| 3-1 | | 10,000 | ശ്രീ.ഹുസൈൻ.എം.എ,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3(എ) | | 2,00,000 | ശ്രീ.സന്തോഷ്.സി,സെക്രട്ടറി |
| 3.3(ബി) | | 92,000 | ശ്രീ.സന്തോഷ്.സി,സെക്രട്ടറി |
| 3.4(എ)(i) | | 15,10,000 | ശ്രീ.സന്തോഷ്.സി,സെക്രട്ടറി |
| 3.4(ബി)(ii) | | 16,000 | ശ്രീ.സജിജോസഫ് വെറ്ററിനറി സർജ്ജൻ |
| 3.10 | | 50,639 | ശ്രീ.മുഹമ്മദ് ഷുഹൈബ്, അസി.എൻജിനീയർ |
| 3-10 | | 21862 | ശ്രീമതി. വിനീത സി.ടി, അസി.എൻജിനീയർ |
| 3-11 | | 36,434 | ശ്രീ.മുഹമ്മദ് ഷുഹൈബ്, അസി.എൻജിനീയർ |
| ആകെ | 2,43,852/- | 19,36,935/- | |

ആകെ 21,80,787/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2(1) | 30000 | ശ്രീ.ജോയ് ജോൺ,സെക്രട്ടറി |
| 3.2(2)(1) | 5000 | ശ്രീ.ജോയ് ജോൺ,സെക്രട്ടറി |
| 3.2(2)(2,3) | 6000 | ശ്രീ.ബിനോയ് മത്തായി, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3.2(2) (4,5,6,7) | 20,000 | ശ്രീ.ഹുസൈൻ എം.എ, സെക്രട്ടറി |
| 3.4(ബി)(ii) | 2,24,000 | ശ്രീ.സജി ജോസഫ്,സീനിയർ വെറ്ററിനറി സർജൻ |
| 3.5(I) | 9,84,000 | ശ്രീമതി. ഷൈനി പി ഉതുപ്പ്, ടി.ഇ.ഒ |
| 3.5(III) | 36,21,667 | ശ്രീ.ശശി കെ. കുന്നത്ത്, വി. ഇ.ഒ |

| | | |
|---|---|---|
| 3.6 | 4,00000 | ശ്രീ.ശശി കെ. കുന്നത്ത് ,വി. ഇ.ഒ |
| 3.7 | 103319 | ശ്രീ.ജോയ് ജോൺ,സെക്രട്ടറി |
| 3.7 | 5847 | ശ്രീ.സന്തോഷ് സി, സെക്രട്ടറി |
| 3.7 | 1,22,574 | ശ്രീ.ബിനോയ് മത്തായി, സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3.7 | 125416 | ശ്രീ.ഹുസൈൻ എം.എ, സെക്രട്ടറി |
| 3.8 | 450000 | ശ്രീ.ബിനോയ് മത്തായി, അസി.സെക്രട്ടറി |
| 3.13 | 4,80,000 | ശ്രീ.ബിനോയ് മത്തായി, അസി.സെക്രട്ടറി |
| 3.14 | 149400 | ശ്രീ.ഹുസൈൻ എം.എ, സെക്രട്ടറി |
| 3.16 | 171704 | ഡോ.അരുൺ കുമാർ, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3.17 | 3,05,500 | ഡോ.എം.പ്രേമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3.18 | 12,00000 | ശ്രീ.ശ്രീധരൻ എൻ.ആർ, ഹെഡ് മാസ്റ്റർ |
| 3.19 | 1,98000 | ശ്രീ.ശ്രീധരൻ എൻ.ആർ, ഹെഡ് മാസ്റ്റർ |

ആകെ- 86,02,427/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3.10 5,000/- ശ്രീ.മുഹമ്മദ് ഷുഹൈബ്, അസി.എൻജിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2.1,2.2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഹുസൈൻ.എം.എ, സെക്രട്ടറി | പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | മാളിയേക്കൽ,വീട് തച്ചന,ഉറങ്ങാട്ടിരി, മലപ്പുറം-673639 |
| സന്തോഷ്.സി,സെക്രട്ടറി | ചേലമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ചമ്മിനി വീട്, ഫറോക്ക്-673632 |
| മുഹമ്മദ് ഷുഹൈബ്, അസി.എൻജിനീയർ (എംപ്ലോയ് മെന്റ്) | - | ഫാത്തിമ്മമൻസിൽ , ചാത്തിനാംകുളം,ചന്ദനത്തോപ്പ്, കൊല്ലം |
| വിനീത സി.ടി, അസി.എൻജിനീയർ | | മണൽ വയൽ വീട്,താഴെമുണ്ട, വയനാട്-673579 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | നം.എൽ.എഫ്.(ഡബ്ല്യു)പി3-383/96/22.08.08 |
| 1991-92 | നം.എൽ.എഫ്.(ഡബ്ല്യു)പി4-127/05(3)/19.08.2008 |
| 1992-93 | നം.എൽ.എഫ്.(ഡബ്ല്യു)പി4-140/05/19.08.08 |
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യു)പി3-542/08/20.08.08 |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യു)പി1-401/2000(9)/01.08.2000 |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യു)പി1-126/20001/19.12.01 |
| 99-2000 | നം.എൽ.എഫ്.(ഡബ്ല്യു)പി4-595/2004(1)/8.02.05 |
| 2000-01 (പ്ലാൻ) | നം.എൽ.എഫ്.(ഡബ്ല്യു)പി5-289/04/15.03.15 |

| | |
|---|---|
| 2000-01 | നം.എൽ.എഫ്.(ഡബ്ല്യു)പി4-365/05/07.01.08 |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യു)പി4-142/06 /14.02.2008 |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യു)പി4-24/07/13.03.08 |
| 2003-04 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1180/08/05.03.09 |
| 2004-05 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1181/08/05.03.09 |
| 2005-06 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1182/08/03.02.09 |
| 2006-07 | നം.എൽ.എഫ്.(ഡബ്ല്യു)പി4-121/11/23.12.11 |
| 2007-08 | നം.എൽ.എഫ്.(ഡബ്ല്യു)പി4-122/11/08.03.11 |
| 2008-09 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1475/12/15.05.12 |
| 2009-10 | നം.എൽ.എഫ്.(ഡബ്ല്യു)പി4-760/12/17.05.13 |
| 2010-11 | നം.എൽ.എഫ്.(ഡബ്ല്യു)പി5-09/15/20.04.15 |
| 2011-12, 2012-13 | നം.എൽ.എഫ്.(ഡബ്ല്യു)പി5-584/14/17.11.14 |
| 2013-14 | നം.എൽ.എഫ്.(ഡബ്ല്യു)പി.4-404/15/10.03.16 |
| 2014-15 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി-4/457/16 /15.07.16 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.4/838/ 16/16.12.16 |
| 2016-17 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.4/461/17 /30.08.17 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം- 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
വയനാട്, കൽപ്പറ്റ.